2023
SEPTEMBER
07
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## പതിനഞ്ചോളം രാജ്യങ്ങളുമായി യുപിഐ ഇടപാട് വൈകാതെ

**ന്യൂഡൽഹി:** 2030ൽ രാജ്യത്ത് പ്രതിദിനം 200 കോടി യുപിഐ ഇടപാടുകൾ നടക്കുമെന്ന് നാഷനൽ പേയ്മെന്റ്സ് കോർപറേഷൻ (എൻപിസിഐ) അധികൃതർ. നിലവിൽ ശരാശരി 34 കോടി ഇടപാടുകളാണ് ഒരു ദിവസം നടക്കുന്നത്.യുപിഐ (യുണിഫൈഡ് പേയ്മെന്റ്സ് ഇന്റർഫേസ്) നിലവിൽ വന്നശേഷം ആദ്യമായി ഓഗസ്റ്റിൽ പ്രതിമാസം 1,000 കോടി ഇടപാടുകളെന്ന നാഴികക്കല്ല് പിന്നിട്ടിരുന്നു. കഴിഞ്ഞ മാസം മാത്രം 15 ലക്ഷം കോടി രൂപയാണ് യുപിഐ വഴി വിനിമയം ചെയ്യപ്പെട്ടത്.യുപിഐ ആരംഭിച്ച് വെറും 7 വർഷത്തിനകമാണ് ഈ നേട്ടം. 2016 ഏപ്രിൽ 11നാണ് യുപിഐ സംവിധാനം നിലവിൽ വന്നത്.

ഇന്ത്യയിൽ പ്രതിമാസം 10,000 കോടി ഇടപാടുകൾക്കുള്ള സാധ്യതയുണ്ടെന്ന് എൻപിസിഐ സിഇഒ ദിലീപ് അസ്ബെ പറഞ്ഞു.നിലവിൽ രാജ്യത്ത് 35 കോടി ആളുകളാണ് യുപിഐ ഉപയോഗിക്കുന്നത്. യുപിഐ വഴിയുള്ള പണമിടപാട് വൈകാതെ പതിനഞ്ചോളം രാജ്യങ്ങളുമായി സാധ്യമാകും. തയ്‌വാൻ, ജപ്പാൻ, തായ്‌ലൻഡ്, മലേഷ്യ, ഫിലിപ്പീൻസ്, വിയറ്റ്നാം അടക്കമുള്ള രാജ്യങ്ങളുമായി യുപിഐ ബന്ധിപ്പിക്കാനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. സിംഗപ്പൂരുമായുള്ള യുപിഐ ബന്ധിപ്പിക്കൽ ഫെബ്രുവരിയിൽ പൂർത്തിയായിരുന്നു.

## 6 കോടി ആദായനികുതി റിട്ടേണുകൾ തീർപ്പാക്കി

**ന്യൂഡൽഹി:** 2022,23 സാമ്പത്തിക വർഷത്തിൽ ആകെ ഫയൽ ചെയ്ത 6.98 കോടി ആദായനികുതി റിട്ടേണുകളിൽ 6 കോടി തീർപ്പാക്കിയെന്ന് കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ്(സിബിഡിറ്റി) അറിയിച്ചു. നികുതിദായകരുടെ ഭാഗത്തുനിന്നുള്ള നടപടിക്രമങ്ങൾ ബാക്കിയുള്ളതിനാലാണ് ശേഷിക്കുന്ന റിട്ടേണുകൾ തീർപ്പാക്കാത്തത്. നികുതിദായകർ വെരിഫൈ ചെയ്യാത്ത 14 ലക്ഷം റിട്ടേണുകൾ ഉണ്ട്. 12 ലക്ഷം പേരിൽനിന്ന് കൂടുതൽ വിവരങ്ങൾ ആരാഞ്ഞിട്ടുണ്ട്. 2.45 കോടിയിലേറെ നികുതിദായകർക്ക് റീഫണ്ട് അനുവദിക്കുകയും ചെയ്തു. റീഫണ്ട് കിട്ടാൻ ബാങ്ക് അക്കൗണ്ട് വാലിഡേറ്റ് ചെയ്യാത്തവർ അതു പൂർത്തിയാക്കണമെന്നും സിബിഡിറ്റി അറിയിച്ചു.

### ഉണർവോടെ ഓഹരിവിപണി

# കമ്പനികളുടെ വിപണി മൂല്യം റെക്കോർഡ് ഉയരത്തിൽ

**മുംബൈ:** തുടർച്ചയായ മൂന്നാം ദിനവും ഓഹരി വിപണി മുന്നേറിയതോടെ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ വിപണി മൂല്യം റെക്കോർഡ് ഉയരത്തിലെത്തി. സെൻസെക്സ് 152.12 പോയിന്റ് ഉയർന്ന് 65,780.26ൽ എത്തിയതോടെയാണ് കമ്പനികളുടെ ആകെ വിപണി മൂല്യം ഇതുവരെയുള്ള ഏറ്റവും ഉയർന്ന നിലയായ 316.64 ലക്ഷം കോടിയിൽ എത്തിയത്.



സെൻസെക്സ് വ്യാപാരത്തിനിടെ 203.56 പോയിന്റ് വരെ ഉയർന്ന് 65,831.70ൽ എത്തുകയുണ്ടായി. കഴിഞ്ഞ മൂന്നു ദിവസംകൊണ്ട് സെൻസെക്സിലുണ്ടായ മുന്നേറ്റം 948.85(1.46%) പോയിന്റാണ്. ഇതോടെ നിക്ഷേപകരുടെ ആസ്തിയിൽ മൂന്നു ദിവസംകൊണ്ട് 7 ലക്ഷം കോടി രൂപയുടെ വർധനയുണ്ടായി.

സൺ ഫാർമയാണ് സെൻസെക്സിൽ കൂടുതൽ നേട്ടമുണ്ടാക്കിയത്; 2.12%. ഐടിസി, ടൈറ്റൻ, ബജാജ് ഫിനാൻസ്, നെസ്‌ലെ, ഇൻഫോസിസ്, എൽആൻഡ്ടി, റിലയൻസ് ഇൻഡസ്ട്രീസ് എന്നിവയും മുന്നേറി. മിഡ്കാപ്, സ്മോൾകാപ് സൂചികകൾ യഥാക്രമം 1.09%, 0.61% എന്നിങ്ങനെയാണ് നേട്ടമുണ്ടാക്കിയത്. നിഫ്റ്റി 46.10 പോയിന്റ് കയറി 19,574.90ലും വ്യാപാരം അവസാനിപ്പിച്ചു.

രാജ്യത്തെ വിവിധ രംഗത്തെ വളർച്ച സൂചിപ്പിച്ച് പുറത്തുവരുന്ന കണക്കുകൾ വിപണിക്കു കരുത്താകുന്നുണ്ട്. ഇന്ത്യയുടെ സേവന മേഖലയിൽ ഓഗസ്റ്റിൽ നേരിയ ഇടിവുണ്ടായെന്ന റിപ്പോർട്ട് വിപണിയെ കാര്യമായി ബാധിച്ചില്ല. എസ്ആൻഡ്പി ഗ്ലോബൽ ഇന്ത്യ സർവീസസ് പർച്ചേസിങ് മാനേജേഴ്സ് സൂചിക ജൂലൈയിലെ 62.3ൽ നിന്ന് ഓഗസ്റ്റിൽ 60.1ൽ എത്തി. എന്നാൽ 2010 മധ്യത്തിന് ശേഷമുള്ള ശക്തമായ ഉൽപാദനവർധന ഓഗസ്റ്റിൽ ഉണ്ടായതായി സൂചിക ചൂണ്ടിക്കാണിക്കുന്നു. കൂടാതെ വിദേശത്തുനിന്നുള്ള ഓർഡറുകൾ വർധിച്ചിട്ടുണ്ട്. അതേസമയം, ഉൽപാദനരംഗത്ത് മൂന്നു വർഷത്തിനിടെ മികച്ച വളർച്ച ഉണ്ടായെന്ന സർവേ റിപ്പോർട്ട് വെള്ളിയാഴ്ച പുറത്തുവന്നിരുന്നു. പുതിയ ഓർഡറും ഉൽപാദനവും കൂടി. ഓഗസ്റ്റിലെ ചരക്കുസേവന നികുതി വരുമാനത്തിലും 11 ശതമാനം വളർച്ചയുണ്ട്.

ഡോളറുമായുള്ള വിനിമയത്തിൽ രൂപ 33 പൈസ ഇടിഞ്ഞ് 83.04 നിലവാരത്തിലെത്തി. ക്രൂഡ് ഓയിൽ വില ഉയരുന്നതാണ് രൂപയ്ക്കു തിരിച്ചടിയായത്. വിദേശ ധനസ്ഥാപനങ്ങൾ ഇന്ത്യൻ വിപണിയിൽനിന്ന് ഓഹരികൾ വിറ്റഴിക്കുന്നതും പ്രതികൂലമായി. തിങ്കളാഴ്ച മാത്രം ഇന്ത്യൻ വിപണിയിൽനിന്ന് വിറ്റൊഴിഞ്ഞത് 3,367.67 കോടിരൂപയുടെ ഓഹരികളാണ്.

## മെസേജിങ് ആപ്പുകൾക്കും നിയന്ത്രണം വേണമെന്ന് ടെലികോം കമ്പനികൾ

**ന്യൂഡൽഹി:** രാജ്യസുരക്ഷ മുൻനിർത്തി വാട്സാപ് പോലെയുള്ള ഇന്റർനെറ്റ് സേവനങ്ങളിലെ കോളുകളും മെസേജുകളും പ്രത്യേക സാഹചര്യങ്ങളിൽ നിയമപരമായി നിരീക്ഷിക്കാനടക്കം വ്യവസ്ഥ വേണമെന്ന് ടെലികോം കമ്പനികൾ ആവശ്യപ്പെട്ടു.ടെലികോം കമ്പനികൾക്കു സമാനമായ നിയന്ത്രണങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത കോളിങ്, മെസേജിങ് സേവനങ്ങൾക്കും ഏർപ്പെടുത്തേണ്ടതുണ്ടോയെന്ന വിഷയത്തിൽ ടെലികോം റെഗുലേറ്ററി അതോറിറ്റി (ട്രായ്) നടത്തുന്ന കൂടിയാലോചനകൾ പുരോഗമിക്കുകയാണ്.

നിലവിൽ ടെലികോം നെറ്റ്!വർക് വഴിയുള്ള കോളുകളും മെസേജുകളും സർക്കാരിന് നിരീക്ഷിക്കാമെന്ന് വ്യവസ്ഥയുണ്ട്.



## കോളജുകൾക്കായി ഷോർട്ട് ഫിലിം മത്സരം

**തിരുവനന്തപുരം:** ഒക്ടോബർ 1 അന്താരാഷ്ട്ര വയോജന ദിനത്തോടനുബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് കേരളത്തിലെ കോളജുകളിൽ നിന്നും ഷോർട്ട് ഫിലിം മത്സരം നടത്തുന്നതിന് ഹ്രസ്വചിത്രങ്ങൾ ക്ഷണിച്ചു. "പ്രായം മനസ്സിൽ ആണ്, നമ്മുടെ കരുതലാണ് അവരുടെ കരുത്ത്, ചേർത്ത് നിർത്താം വയോജനങ്ങളെ, ഉറപ്പാക്കാം നീതി' എന്നീ വിഷയങ്ങളിലാണ് ഹ്രസ്വചിത്രങ്ങൾ ചിത്രീകരിക്കേണ്ടത്. കേരളത്തിലുള്ള അംഗീകൃത കോളജുകൾക്ക് എൻട്രികൾ അയയ്ക്കാം. വ്യക്തിഗതമായോ/ഗ്രൂപ്പായോ ഷോർട്ട് ഫിലിം തയ്യാറാക്കി അയയ്ക്കാം. മികച്ച ചിത്രത്തിനുള്ള സമ്മാനത്തുക ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് യഥാക്രമം 25000, 15000, 5000 എന്നിങ്ങനെയാണ്. അവസാന തീയതി സെപ്റ്റംബർ 18 വൈകിട്ട് 5 മണി. sjdoldageday@gmail.com എന്ന മെയിലിലേക്കാണ് എൻട്രികൾ അയക്കേണ്ടത്. മത്സരവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ, നിബന്ധനകൾ എന്നിവ അടങ്ങിയ വിശദ നോട്ടിഫിക്കേഷൻ www.swd.kerala.gov.in ൽ ലഭ്യമാണ്. വിജയികൾക്കുള്ള സമ്മാനദാനം അന്താരാഷ്ട്ര വയോജനദിനമായ ഒക്ടോബർ 1 ന് നടക്കുന്ന സംസ്ഥാന തല പരിപാടിയിൽ നൽകും.

## മുയൽ വളർത്തൽ പരിശീലനം

**തൃശൂർ:** മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ 'മുയൽ വളർത്തൽ ലാഭകരമാക്കാം' എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നടത്തും. സെപ്റ്റംബർ 12ന് രാവിലെ 10 മുതൽ 5 മണി വരെയാണ് പരിശീലനം. താല്പര്യമുള്ളവർ 0491 2815454, 9188522713 നമ്പറുകളിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യണം. പരിശീലന സമയത്ത് ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരണം.

## സഹായഹസ്തം പദ്ധതി: അപേക്ഷിക്കാം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് ഒറ്റതവണ സഹായമായി 30000/ (മുപ്പതിനായിരം) രൂപാ അനുവദിക്കുന്ന സഹായഹസ്തം പദ്ധതിയിലേക്ക് അപേക്ഷിക്കാം . ഒരോ ജില്ലയിൽ നിന്നും പ്രതിവർഷം 10 പേർക്കാണ് തുക അനുവദിക്കുന്നത്. www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റിൽ ീഹശില അപേക്ഷയും നിർദ്ദേശങ്ങളും യൂസർ മാന്വലും ലഭ്യമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനം വഴിയോ മറ്റ് സർക്കാർ തലത്തിലോ സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിച്ചിട്ടുള്ള വിധവകൾ ഈ ആനുകൂല്യത്തിന് അർഹരല്ല.

ഗുണഭോക്താവിന്റെ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയായിരിക്കണം. ( ബി പി എൽ മുൻഗണന വിഭാഗത്തിൽപ്പെടുന്നവർക്ക് മുൻഗണന). 18 വയസ്സിൽ താഴെയുള്ള കുട്ടികൾ ഉള്ള വിധവകൾക്ക് മുൻഗണന. ഭിന്നശേഷിക്കാരായ മക്കളുള്ളവർ, പെൺകുട്ടികൾ മാത്രം ഉള്ളവർ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.ഓൺലൈൻ വെബ് സൈറ്റ് വഴി അപേക്ഷ ഡിസംബർ 15 വരെ സ്വീകരിക്കുന്നതാണ്.

# സെപ്റ്റംബർ 15ന് സംസ്ഥാന വ്യാപകമായി ഓപ്പറേഷൻ ഫോസ്കോസ്

**തിരുവനന്തപുരം:** ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സ്ഥാപനങ്ങളുടെ ലൈസൻസ് പരിശോധിക്കുന്നതിനായി സെപ്റ്റംബർ 15ന് സംസ്ഥാന വ്യാപകമായി ഓപ്പറേഷൻ ഫോസ്കോസ് ലൈസൻസ് ഡ്രൈവ് നടത്തുമെന്ന് ആരോഗ്യ, ഭക്ഷ്യസുരക്ഷാ മന്ത്രി വീണാ ജോർജ്. മുഴുവൻ ഭക്ഷ്യ സംരംഭകരെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ് പരിധിയിൽ കൊണ്ടുവരികയാണ് ലക്ഷ്യം. ഭക്ഷ്യ സുരക്ഷാ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ വളരെ വേഗത്തിൽ തീരുമാനമെടുക്കാൻ നിർദേശം നൽകിയതായും മന്ത്രി വ്യക്തമാക്കി.

ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006, വകുപ്പ് 31 പ്രകാരം എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യ സുരക്ഷ ലൈസൻസ് എടുക്കേണ്ടതാണ്. സ്വന്തമായി ഭക്ഷണം നിർമ്മിച്ച് വിൽപന നടത്തുന്നവർ, പെറ്റി റീടെയ്ലർ, തെരുവ് കച്ചവടക്കാർ, ഉന്തുവണ്ടിയിൽ കച്ചവടം നടത്തുന്നവർ, താല്കാലിക കച്ചവടക്കാർ എന്നിവർക്ക് മാത്രമാണ് രജിസ്ട്രേഷൻ അനുമതിയോടെ പ്രവർത്തിക്കാവുന്നത്. ജീവനക്കാരെ ഉൾപ്പെടുത്തി തട്ടുകട നടത്തുന്നവരും ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ നിരവധി കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിന് പകരം രജിസ്ട്രേഷൻ മാത്രം എടുത്ത് പ്രവർത്തിക്കുന്നതായി പരിശോധനകളിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് പരിശോധനകൾ കർശനമാക്കിയിട്ടുള്ളത്.

ഭക്ഷ്യ സുരക്ഷാ ലൈസൻസ് ഇല്ലാതെ ഭക്ഷ്യസംരംഭങ്ങൾ നടത്തുന്ന ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം, 2006 വകുപ്പ് 63 പ്രകാരമുള്ള ശിക്ഷ ലഭിക്കുന്നതാണ്. ലൈസൻസിന് പകരം രജിസ്ട്രേഷൻ മാത്രമെടുത്ത് പ്രവർത്തിക്കുന്നവരെ ലൈസൻസ് ഇല്ലാത്തവരായി പരിഗണിച്ച് നടപടി സ്വീകരിക്കും.

ഭക്ഷ്യ സുരക്ഷ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതോ ഭക്ഷ്യസുരക്ഷ ലൈസൻസ് പരിധിയിൽ വന്നിട്ടും ഭക്ഷ്യസുരക്ഷ രജിസ്ട്രേഷനിൽ പ്രവർത്തിക്കുന്നതോ ആയ സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അടച്ചുപൂട്ടൽ ഉൾപ്പടെ നടപടികൾ സ്വീകരിക്കും. ലൈസൻസ് ലഭിക്കുന്നതിനായി foscos.fssai.gov.in എന്ന പോർട്ടലിലൂടെ അപേക്ഷിക്കാം. സാധാരണ ലൈസൻസുകൾക്ക് 2000 രൂപയാണ് ഒരു വർഷത്തേക്കുള്ള ഫീസ്.

ഭക്ഷണം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തു മാത്രമേ പ്രവർത്തനം നടത്താൻ പാടുള്ളൂ എന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് നിരവധി തവണ അഭ്യർഥിച്ചിരുന്നു. ഇതൊരു നിയമപ്രകാരമുള്ള ബാധ്യത ആയിരുന്നിട്ട് കൂടി ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതിന് യാതൊരു നടപടികളും സ്വീകരിക്കാത്തത് കൊണ്ടാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് കർശന നടപടിയിലേക്ക് നീങ്ങുന്നത്.

ലൈസൻസ് ഇല്ലാത്തതിനാൽ അടച്ചുപൂട്ടൽ നടപടി നേരിടുന്ന സ്ഥാപനങ്ങൾ ലൈസൻസ് നേടുകയോ നിയമപരമായി ലൈസൻസിന് പൂർണമായ അപേക്ഷ സമർപ്പിച്ചു മാത്രമേ തുറന്നു കൊടുക്കാൻ നടപടികൾ സ്വീകരിക്കുകയുള്ളൂ.



# സ്പാർക്ക് വിദ്യാഭ്യാസ പദ്ധതി തുടങ്ങി

**കൽപറ്റ** സ്പാർക്ക് വിദ്യാഭ്യാസ പദ്ധതിക്ക് ജില്ലയിൽ തുടക്കമായി. പദ്ധതിയുടെ ഭാഗമായി കൽപറ്റ മണ്ഡലത്തിലെ മുഴുവൻ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരുടെയും ഹൈസ്കൂൾ പ്രധാന അധ്യാപകരുടെയും യോഗം ചേർന്നു. വിദ്യാഭ്യാസ മേഖലയിൽ വിവിധ പദ്ധതികളിലൂടെ ഓരോ വർഷവും അക്കാദമിക, കായിക, കലാ രംഗങ്ങളിലെ മിടുക്കരായ വിദ്യാർഥികളെ തിരഞ്ഞെടുത്ത് പരിശീലനവും പിന്തുണയും നൽകി മണ്ഡലത്തിന്റെ സമഗ്ര വിദ്യാഭ്യാസ, സാമൂഹിക പുരോഗതിയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് ടി.സിദ്ദീഖ് എംഎൽഎ പറഞ്ഞു.

നാഷനൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്, സിവിൽ സർവീസ് ഫൗണ്ടേഷൻ, കേന്ദ്ര, സംസ്ഥാന സർവകലാശാലകളിലെ പ്രവേശനം തുടങ്ങിയ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകും. പാഠ്യപാഠ്യേതര പദ്ധതികളിലേക്കും വ്യാപിപ്പിക്കും. സ്കൂളുകളിൽ പരീക്ഷ നടത്തിയാണ് കുട്ടികളെ തിരഞ്ഞെടുക്കുക. ഇതിനായി സ്ക്രീനിങ് ടെസ്റ്റ് നടത്തും. പരീക്ഷയിൽ നിശ്ചിത ശതമാനം മാർക്ക് നേടുന്ന വിദ്യാർഥികളെ സൗജന്യ പരിശീലനത്തിനായി തിരഞ്ഞെടുക്കും.

ഹയർ സെക്കൻഡറി റീജനൽ ഡപ്യൂട്ടി ഡയറക്ടർ എം.സന്തോഷ് കുമാർ, ജില്ലാ പൊതുവിദ്യാഭ്യാസ ഉപ ഡയറക്ടർ ശശീന്ദ്ര വ്യാസ്, ജില്ലാ വിദ്യാഭ്യാസ ഓഫിസർ കെ.ശരത് ചന്ദ്രൻ, വൈത്തിരി ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർ ജിറ്റോ ലൂയിസ്, ഹയർ സെക്കൻഡറി ജില്ലാ കോഓർഡിനേറ്റർ ഷിവി കൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

## എംപ്ലോയബിലിറ്റി സെന്ററിൽ അഭിമുഖം

**കൊല്ലം:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എംപ്ലോയബിലിറ്റി സെന്ററിൽ സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് സെപ്റ്റംബർ 12 ന് രാവിലെ 10.30 മണിക്ക് അഭിമുഖം നടത്തും.

എസ് എസ് എൽ സി, പ്ലസ്ടു, അല്ലെങ്കിൽ കൂടുതൽ യോഗ്യതയുള്ള 18 നും 35 നും ഇടയിൽ പ്രായമുള്ളതും ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും അല്ലാത്തതുമായ എല്ലാവർക്കും മൂന്ന് ബയോഡാറ്റയുമായി എത്തി രജിസ്റ്റർ ചെയ്ത് പങ്കെടുക്കാം.

നൈപുണ്യപരിശീലനവും, വിവിധ അഭിമുഖങ്ങൾ നേരിടുന്നതിനുള്ള പരിശീലനവും കരിയർ കൗൺസിലിങ് ക്ലാസ്സുകളും എംപ്ലോയബിലിറ്റി സെന്ററിൽ നടത്തും. ഫോൺ 04742740615, 7012212473.

## ഗസ്റ്റ് ഇൻസ്പെക്ടർ നിയമനം

**കൊല്ലം:** കുളത്തൂപ്പുഴ സർക്കാർ ഐ ടി ഐയിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഫിറ്റർ ട്രേഡ്) ഒഴിവിലേക്ക് താത്കാലിക നിയമനം നടത്തും. യോഗ്യത: എ ഐ സി ടി ഇ /യു ജി സി അംഗീകൃത എഞ്ചിനീയറിങ് കോളേജിൽ നിന്നുള്ള മെക്കാനിക്കൽ എൻജിനീയറിങ് ഡിഗ്രി അല്ലെങ്കിൽ ബി. വോക്, ബന്ധപ്പെട്ട ട്രേഡിലുള്ള ഒരു വർഷ പ്രവൃത്തിപരിചയം അല്ലെങ്കിൽ അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള മൂന്ന് വർഷ ഡിപ്ലോമ ഇൻ മെക്കാനിക്കൽ എൻജിനീയറിങ് അല്ലെങ്കിൽ ഡി ജി റ്റിയിൽ നിന്നുള്ള അഡ്വാൻസ്ഡ് ഡിപ്ലോമയും ബന്ധപ്പെട്ട ട്രേഡിലുള്ള രണ്ട് വർഷ പ്രവൃത്തി പരിചയവും. ഫിറ്റർ ട്രേഡിൽ (എൻ.ടി സി/എൻ.എ.സി) മൂന്ന് വർഷ പ്രവർത്തിപരിചയവും. ഫോൺ 9495555928, 0475 2912900.

## ടെൻഡർ

**കൊല്ലം:** കോർപ്പറേഷനിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പി വി സി വാട്ടർ ടാങ്ക് പ്രൊജക്റ്റ് നമ്പർ 1104 പദ്ധതിയിലേക്ക് 500 ലിറ്റർ സംഭരണ ശേഷിയുള്ള ബി ഐ എസ്/ ഐ എ സ് ഒ മുദ്രയുള്ള പി വി സി വാട്ടർ ടാങ്ക് വിതരണംചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. ടാങ്ക് മൂന്ന് ലെയറോടുകൂടിയതും 13.5 കിലോ ഭാരവുമുള്ളതായിരിക്കണം. അവസാന തീയതി സെപ്റ്റംബർ 21.

## നൈറ്റ് വാച്ചർ ഒഴിവ്

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ വിമുക്തഭടൻമാർക്കായി നീക്കിവെച്ച നൈറ്റ് വാച്ചർ തസ്തികയുടെ ഒരു ഒഴിവിലേക്ക് വാക് ഇൻഇന്റർവ്യൂ നടത്തുന്നു.

ശമ്പളം പ്രതിമാസം 18390 രൂപ. യോഗ്യത : മലയാളം എഴുതാനും വായിക്കാനുമുള്ള പരിജ്ഞാനം, തൃപ്തികരമായ സർവീസ് റെക്കോർഡ് ഉള്ള വിമുക്തഭടന്മാർ ആയിരിക്കണം. പ്രായം 2023 സെപ്റ്റംബർ 1 ന് 18 നും 55 നും ഇടയിലായിരിക്കണം. സെപ്റ്റംബർ 13 ന് രാവിലെ 11 ന് തിരുവനന്തപുരം പേരൂർക്കടയിലെ കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ ആസ്ഥാനത്താണ് ഇന്റർവ്യൂ നടക്കുക.

# അടിത്തട്ടിൽ പാറ; തുറമുഖ കപ്പൽച്ചാൽ ആഴംകൂട്ടൽ പ്രതിസന്ധിയിൽ

**ബേപ്പൂർ:** അടിത്തട്ടിൽ പാറ കാണപ്പെട്ടതോടെ തുറമുഖ കപ്പൽച്ചാൽ ആഴം കൂട്ടുന്ന പ്രവൃത്തിയിൽ ആശങ്ക. വേലിയിറക്കത്തിൽ കപ്പൽച്ചാൽ 5.5 മീറ്റർ വരെ ആഴം ഉണ്ടാകുംവിധത്തിൽ ചെളി നീക്കുന്നതിനു നൽകിയ കരാർ ലക്ഷ്യം കൈവരിക്കാനാകില്ല. കപ്പൽച്ചാലിൽ പലയിടത്തും ചെങ്കൽപാറ കാണപ്പെട്ടതാണു പ്രതിസന്ധിയായത്. മാരിടൈം ബോർഡ് ഫണ്ടിൽ 11 കോടി രൂപ ചെലവിട്ടാണ് ഡ്രെജിങ് നടത്തുന്നത്. 3.35 ലക്ഷം ക്യുബിക് മീറ്റർ ചെളി നീക്കാനാണ് കരാർ. ഹാർബർ എൻജിനീയറിങ് വകുപ്പ് നേതൃത്വത്തിൽ 6 സോണുകളാക്കി നടപ്പാക്കുന്ന പ്രവൃത്തിയിൽ ഒരു സോണിലെ ചെളി നീക്കി 4.5 മീറ്റർ ആഴം എത്തിയപ്പോൾ അടിത്തട്ടിൽ പാറ കാണപ്പെട്ടു.



ഇതു സംബന്ധിച്ച് കരാറുകാർ തുറമുഖ ഹാർബർ എൻജിനീയറിങ് അധികൃതർക്ക് കത്തു നൽകി. പാറ നീക്കം ചെയ്യണമെങ്കിൽ റോട്ടറി ഡയമണ്ട് കട്ടർ എത്തിക്കണം. എന്നാൽ ചെളി നീക്കി ആഴം കൂട്ടുന്നതിനു മാത്രമാണ് നിലവിൽ എസ്റ്റിമേറ്റ് തയാറാക്കി പ്രവൃത്തി ടെൻഡർ ചെയ്തത്. ചെളി മാത്രം നീക്കിയാൽ വലിയ കപ്പലുകൾ അടുപ്പിക്കാൻ ആവശ്യമായ ആഴം ഉണ്ടാകില്ല. റോട്ടറി ഡയമണ്ട് കട്ടർ എത്തിക്കണമെങ്കിൽ ഭാരിച്ച ചെലവു വരും. അടിത്തട്ടിലെ ചെങ്കൽപാറ പൊട്ടിക്കൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതിനാൽ നിലവിലെ പ്രവൃത്തിയിൽ ഇതു സാധ്യമല്ല.

കൂടുതൽ തുക അനുവദിച്ച് പാറ പൊട്ടിക്കൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയാൽ മാത്രമേ കപ്പൽച്ചാൽ ലക്ഷ്യമിട്ട 5.5 മീറ്റർ ആഴം എത്തിക്കാനാകൂ. കഴിഞ്ഞ മേയിൽ തുടങ്ങിയ ഡ്രെജിങ് കാലവർഷം തുടങ്ങിയതോടെ ജൂണിൽ നിർത്തിവച്ചെങ്കിലും പുനരാരംഭിച്ചിട്ടില്ല. മഴ മാറിയാൽ പണി തുടങ്ങുമെങ്കിലും അടിത്തട്ടിലെ പാറ പൊട്ടിച്ചില്ലെങ്കിൽ ഉദ്ദേശിച്ച ഫലമുണ്ടാകില്ല. തുറമുഖത്ത് 160 മീറ്റർ നീളമുള്ള പുതിയ വാർഫും 150 മീറ്ററുള്ള പഴയ വാർഫും ആഴം കൂട്ടുന്നതിനൊപ്പം കപ്പൽച്ചാലും അഴിമുഖവും ഉൾപ്പെടെ 3 കിലോമീറ്ററോളം ദൂരം ചെളി നീക്കാനാണ് പദ്ധതി. എന്നാൽ മൺസൂണിൽ ചാലിയാറിൽ ഒഴുകിയെത്തിയ മണ്ണടിഞ്ഞ് കപ്പൽച്ചാൽ വീണ്ടും ആഴം കുറഞ്ഞിട്ടുണ്ടാകും എന്നാണു വിലയിരുത്തൽ.

# അഷ്ടമുടി കായലിലെ മാലിന്യം നീക്കൽ: പ്രതിദിനം 40000 രൂപ വാടക

**കൊല്ലം:** അഷ്ടമുടി കായലിലെ മാലിന്യം നീക്കം ചെയ്യാനുള്ള സിൽറ്റ് പുഷർ മെഷീൻ പ്രവർത്തനം ആരംഭിച്ചു. പ്രതിദിനം 40000 രൂപ നിരക്കിൽ ജലവിഭവ വകുപ്പിൽ നിന്ന് വാടകയ്ക്ക് എടുത്താണ് സിൽറ്റ് പുഷർ മെഷീൻ ഉപയോഗിക്കുന്നത്. കായൽ ശുചീകരണത്തിനു മാത്രമായി കുറഞ്ഞതു 2 മാസമെടുക്കുമെന്നാണു വിലയിരുത്തൽ. യന്ത്രത്തിന്റെ പ്രവർത്തനം മേയർ പ്രസന്ന ഏണസ്റ്റ് ഫ്ലാഗ് ഓഫ് ചെയ്തു.തീരദേശ വികസന കോർപറേഷനാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല. അമൃത് പദ്ധതിക്കു കീഴിൽ ഏഴരക്കോടി രൂപയാണ് വകയിരുത്തിയത്.



ഒന്നര മീറ്റർ ആഴത്തിൽ ചെളി നീക്കംചെയ്യുന്നതിനൊപ്പം ഇരുവശങ്ങളിലും ഘടിപ്പിച്ചിട്ടുള്ള ഡോസർ ബ്ലേഡ് ആറു മീറ്റർ വീതിയിൽ പായലും മാലിന്യങ്ങളും കരയിലേക്ക് എത്തിക്കാനും സഹായിക്കുന്നതാണ് സിൽറ്റ് പുഷർ യന്ത്രം. അഷ്ടമുടിക്കായലിൽ കൂടുതൽ മാലിന്യം വന്നുചേരുന്ന ലിങ്ക് റോഡുകളുടെ ഭാഗത്തെ മാലിന്യമാണ് ആദ്യഘട്ടത്തിൽ നീക്കുന്നത്. തുടക്കത്തിൽ ചെളിയും മാലിന്യവും ഒരുഭാഗത്തേക്കു മാറ്റിയിടും. അവ മണ്ണുമാന്തി യന്ത്രത്തിന്റെ സഹായത്തോടെ കായൽക്കരയിലേക്കു കോരിയിടും.

ഉണങ്ങിക്കഴിഞ്ഞ് കോർപറേഷൻ ആവശ്യമുള്ള മേഖലകളിലേക്കു നീക്കംചെയ്യും. ഒരു മണിക്കൂറിൽ 100 ക്യുബിക് മീറ്റർ പ്രദേശത്തെ ചെളി നീക്കംചെയ്യാൻ കഴിയുന്ന യന്ത്രമാണ് ആലപ്പുഴയിൽ നിന്ന് എത്തിച്ചിട്ടുള്ളത്. കായലിലെ 60 കടവുകളും ഇതോടൊപ്പം വൃത്തിയാക്കുന്നുണ്ട്. സുരക്ഷാ ബോർഡുകൾ, സോളർ ലൈറ്റുകൾ, സിസിടിവി ക്യാമറകൾ, ഒഴുക്കുന്ന പൂന്തോട്ടം! ഉൾപ്പെടെയുള്ളവ തുടർന്നു സ്ഥാപിക്കും. എട്ടുമാസത്തിനകം പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും മേയർ പറഞ്ഞു.

ആശുപത്രികൾ, ഹോട്ടലുകൾ തുടങ്ങി ഒട്ടേറെ സ്ഥലങ്ങളിലെ മലിന ജലം സംസ്കരിക്കാതെ അഷ്ടമുടിയിലേക്ക് എത്തുന്നതു കൊണ്ടാണ് കായൽ കൂടുതൽ മലിനമാകുന്നത്. നിർമാണം പുരോഗമിക്കുന്ന കുരീപ്പുഴ മലിനജല സംസ്കരണ പ്ലാന്റ് പ്രവർത്തനം ആരംഭിക്കുന്നതോടെ ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകും. അമ!ൃത് പദ്ധതിയുടെ ഭാഗമായാണ് കുരീപ്പുഴയിലെ പ്ലാന്റ് നിർമിക്കുന്നത്. സിസിടിവികൾ പ്രവർത്തനക്ഷമമാകുന്നതോടെ മാലിന്യങ്ങൾ നേരിട്ടു തള്ളുന്നതു കുറയുമെന്നാണ് വിലയിരുത്തൽ.

## സനാതനധർമ്മം ഉന്മൂലനം: തമിഴ്നാട് മുഖ്യമന്ത്രിയുടെ മകന്റേത് ദിവാസ്വപ്നം: വി.എച്ച്.പി

**കൊച്ചി:** സനാതനധർമ്മത്തെ ഉന്മൂലനം ചെയ്യണമെന്ന തമിഴ്നാട് മുഖ്യമന്ത്രിയുടെ മകനും തമിഴ്നാട് മന്ത്രിയുമായ ഉദയനിധി സ്റ്റാലിന്റെ പ്രസ്താവന ദിവാ സ്വപ്നം മാത്രമാണെന്ന് വിശ്വഹിന്ദുപരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി,ജനൽ സെക്രട്ടറി വി.ആർ രാജശേഖരൻ എന്നിവർ വാർത്താകുറിപ്പിൽ വ്യക്തമാക്കി. മുഗളന്മാരും ബ്രിട്ടീഷുകാരും ശ്രമിച്ചിട്ട് നടക്കാത്ത കാര്യമാണിത്. ഉദയനിധി സ്റ്റാലിൻ നടത്തിയ പ്രസ്താവന തമിഴ്നാട് സർക്കാരിന്റെ നിലപാടാണോയെന്ന് വ്യക്തമാക്കണം. ഭരണഘടനയുടെ 25, 26 അനുച്ഛേദങ്ങൾ ഓരോ വ്യക്തിക്കും അവരവരുടെ മതം ആചരിക്കാനുള്ള അവകാശം നൽകുന്നുണ്ട്. അത് സംരക്ഷിക്കേണ്ടത് കേന്ദ്രസർക്കാരിന്റെ കടമയാണ്. സനാതന ധർമ്മം ഇല്ലാതാക്കുക എന്ന പ്രസ്താവനയുടെ അർത്ഥം ഭരണഘടനാപരമായ ഉത്തരവാദിത്തങ്ങൾ പാലിക്കാതെ നിയമത്തിന്റെ പാതയിൽ നിന്ന് അവിടത്തെ സർക്കാർ വ്യതിചലിച്ചു എന്നാണ് ചൂണ്ടികാണിക്കപ്പെടുന്നത്. ശിഥിലീകരണത്തിനും നാശത്തിനും പകരം പരസ്പര സമ്മതത്തിന്റെയും ഐക്യത്തിന്റെയും ഉറവിടങ്ങൾ തമിഴ്നാട് മുഖ്യമന്ത്രിയുടെ മകൻ കണ്ടെത്തണമെന്നും വിഎച്ച്പി കേരള ഘടകം നേതാക്കൾ ആവശ്യപ്പെട്ടു.

## ജലസംഭരണികളിലേക്ക് നീരൊഴുക്ക് ശക്തം; വൈദ്യുതോൽപാദനം പൂർണ തോതിൽ

**സീതത്തോട്:** ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ ജലസംഭരണികളിലേക്കു ശക്തമായ നീരൊഴുക്ക്. ജലനിരപ്പ് 37% എത്തി. കിഴക്കൻ മേഖലയിൽ ഇന്നലെ തെളിഞ്ഞ കാലാവസ്ഥയായിരുന്നു. ഒരാഴ്ചയായി തുടർന്ന മഴ ഇന്നലെയാണ് അൽപം ശമിച്ചത്. സംഭരണികളിലേക്കുള്ള മിക്ക നീർച്ചാലുകളിലും നീരൊഴുക്ക് ശക്തമായി തുടരുന്നതിനാൽ വരും ദിവസം ജലനിരപ്പ് ഉയരുമെന്ന പ്രതീക്ഷയിലാണ് വൈദ്യുതി ബോർഡ്. കഴിഞ്ഞ വർഷം ഈ സമയം 80 ശതമാനമായിരുന്നു ജലനിരപ്പ്.

പരമാവധി വെള്ളം ഉപയോഗിക്കാൻ പീക്ക് ലോഡ് ഒഴികെയുള്ള സമയത്തും പൂർണ ലോഡിലാണ് വൈദ്യുതോൽപാദനം. 986.332 മീറ്റർ ശേഷിയുള്ള പമ്പയിൽ 966.55 മീറ്ററും 981.456 മീറ്റർ ശേഷിയുള്ള കക്കി,ആനത്തോട് അണക്കെട്ടിൽ 959.12 മീറ്ററുമാണ് ജലനിരപ്പ്. കക്കാട്ടാറ്റിലെ ജലനിരപ്പ് താഴ്ന്നെങ്കിലും കക്കാട്ടാറ്, അള്ളുങ്കൽ ഇഡിസിഎൽ, കാരിക്കയം അയ്യപ്പ ഹൈഡ്രോ ഇലക്ട്രിക്, മണിയാർ കാർബോറാണ്ടം, പെരുനാട് എന്നീ ജലവൈദ്യുത പദ്ധതികളിൽ പൂർണ ലോഡിലാണു വൈദ്യുതോൽപാദനം.

## ഭൂപതിവ് നിയമ ഭേദഗതി ഭൂപ്രശ്നങ്ങൾക്ക് പരിഹാരമാകില്ലെന്ന് കർഷക സംഘടനകൾ

**രാജകുമാരി:** ഭൂപതിവ് നിയമ ഭേദഗതി ബിൽ നിയമ സഭയിൽ അവതരിപ്പിച്ചെങ്കിലും ജില്ലയിലെ ഭൂപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ കഴിയില്ലെന്ന് കർഷക സംഘടനകൾ. റവന്യു, നിയമ വകുപ്പുകൾ മാത്രം നിർദേശിക്കുന്ന ഭേദഗതികളല്ല, കർഷകരുടെ ആവശ്യങ്ങൾ പരിഗണിച്ചു കൊണ്ടുള്ള നിയമ ഭേദഗതിയാണ് വേണ്ടതെന്ന് അവർ പറയുന്നു. ലാൻഡ് ഫ്രീഡം മൂവ്മെന്റ്, അതിജീവന പോരാട്ട വേദി തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ 12ന് മുഖ്യമന്ത്രി, റവന്യു മന്ത്രി എന്നിവരെ സന്ദർശിച്ച് തങ്ങളുടെ അഭിപ്രായം അറിയിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

നിലവിലുള്ള ഭൂനിയമത്തിലെ 7, 3 വകുപ്പുകൾ പ്രകാരം നിയമത്തിൽ മാറ്റം കൊണ്ടുവരുന്നതിന് സർക്കാരിന് സമ്പൂർണ അധികാരമുണ്ട്. ഈ സാഹചര്യത്തിൽ പുതിയ നിയമം നിർമിക്കുന്നത് സാമ്പത്തിക അജണ്ട മുൻനിർത്തിയാണെന്ന് കർഷക സംഘടനകൾ ആരോപിക്കുന്നു. സാധാരണക്കാരന് തന്റെ ഭൂമി ഏതൊരാവശ്യത്തിനും ഉപയോഗിക്കാൻ സഹായിക്കുന്നതിനല്ല, മറിച്ച് വൻകിടക്കാർ ചട്ടം ലംഘിച്ച് നിർമിച്ച ബഹുനില മന്ദിരങ്ങൾ ഫീസ് ഈടാക്കി ക്രമവൽക്കരിക്കാനാണ് ഭൂനിയമ ഭേദഗതി കൊണ്ട് റവന്യു വകുപ്പ് ലക്ഷ്യമിടുന്നത് എന്നാണ് കർഷക സംഘടനകളുടെ ആരോപണം. മൂന്നാറിലെ കയ്യേറ്റവും കോടതി ഉത്തരവുകളുമാണ് ഭൂനിയമം ഭേദഗതി ചെയ്യാൻ ഇടയാക്കിയതെന്നാണ് ബില്ലിൽ വിശദീകരിക്കുന്നത്.

# ചിറ്റൂർ മേഖലയിലെ ഭൂഗർഭ ജലനിരപ്പ് ഉയർത്താൻ തടയണകൾക്ക് അനുമതി

**പാലക്കാട്:** ചിറ്റൂർ മേഖലയിലെ ഭൂഗർഭജലനിരപ്പ് ഉയർത്താനുള്ള നടപടികളുടെ ഭാഗമായി വടകരപ്പതി ശങ്കൂതിപ്പാളയത്തും തടയണ നിർമിക്കാൻ അനുമതിയായി. ഭൂഗർഭ ജലവകുപ്പിനു കീഴിൽ 1.54 കോടി രൂപ ചെലവിൽ വാളയാർ പുഴയിൽ ചെറുകിട ജലസേചനവകുപ്പാണു തടയണ നിർമിക്കുക. ഉപരിതലത്തിൽ നിന്നു കൂടുതൽ വെള്ളം ഭൂമിക്കടിയിൽ ഇറക്കുകയാണു ലക്ഷ്യം. ഭൂഗർഭ ജലം അമിതമായി ചൂഷണം ചെയ്യുന്ന പ്രദേശമായി 3 പതിറ്റാണ്ട് സംസ്ഥാനത്ത് അറിയപ്പെട്ടിരുന്ന ചിറ്റൂർ മേഖലയിൽ തുടർച്ചയായ വരൾച്ചയും ഉണ്ടായി.



ഭൂഗർഭജലം 100% മുകളിൽ ഉപയോഗിക്കുന്ന അമിതചൂഷണ അവസ്ഥ മാറ്റാനും റീചാർജിങ്ങിനുമായി 5 വർഷം മുൻപു തുടങ്ങിയ പദ്ധതിയുടെ ഫലമായി ജലവിതാനത്തിൽ മാറ്റം വന്നു. സംസ്ഥാനാന്തര ജലവിഹിതം കൃത്യമായി ലഭ്യമാക്കിയതും പ്രളയകാലവും അതിനു തുണയായി. തുടർന്ന് 90 മുതൽ 100% വരെ ജലം ഉപയേ!ാഗിക്കുന്ന ക്രിട്ടിക്കൽ മേഖലയിലേക്കു ചിറ്റൂർ മാറി. ഭൗമശാസ്ത്ര ഗവേഷണകേന്ദ്രത്തിന്റെ (സെസ്) ഭൂഗർഭജല റീചാർജിങ് പ്രോജക്റ്റും ഇവിടെ നടപ്പാക്കി.

പ്രദേശത്ത് ഉപരിതലത്തിൽ നേരിയ വിടവുകൾ ധാരാളമുള്ളതിനാൽ റീ ചാർജിങ്ങിലൂടെ കൂടുതൽ ജലം ഭൂമിക്കടിയിൽ എത്തിക്കാൻ കഴിയുമെന്നു ഭൂഗർഭജലവകുപ്പ് അധികൃതർ പറഞ്ഞു. മഴനിഴൽപ്രദേശവും പൂർണമായും കാർഷിക മേഖലയുമായതിനാൽ ജലസേചനത്തിനു കർഷകർക്കു കുഴൽക്കിണറുകളെ ആശ്രയിക്കാതെ നിവൃത്തിയില്ലാതായി.

ഇനി, 70 മുതൽ 90% വരെ ജലം ഉപയേ!ാഗിക്കുന്ന സെമി ക്രിട്ടിക്കൽ പ്രദേശമായി ചിറ്റൂരിനെ മാറ്റുകയാണു ലക്ഷ്യം. അതിന്റെ ഭാഗമായി കുഴൽക്കിണർ നിർമാണത്തിനു കർശന നിയന്ത്രണം ഏർപ്പെടുത്തി. 3 എച്ച്പിക്കു മുകളിലുള്ള മേ!ാട്ടറുകൾ വേണ്ട കിണറുകൾ വിശദപരിശേ!ാധനയ്ക്കു ശേഷമേ അനുവദിക്കുന്നുള്ളൂ.

നിലവിലുള്ള ജലവിതാനം നിലനിർത്താനുള്ള ഇടപെടൽ തുടർന്നില്ലെങ്കിൽ വീണ്ടും അമിതചൂഷണമേഖലയായി മാറാൻ സാധ്യതയുണ്ടെന്ന് അധികൃതർ സൂചിപ്പിച്ചു. നടപടികളുടെ ഭാഗമായി കൊഴിഞ്ഞാമ്പാറ കുള്ളരായൻ പാളയത്തു ഭൂഗർഭലവകുപ്പിനു കീഴിൽ കോരയാർപുഴയിൽ നിർമിച്ച തടയണ അടുത്ത ദിവസം മന്ത്രി ഉദ്ഘാടനം ചെയ്യും. 70 ലക്ഷം രൂപയാണ് ഇതിന്റെ നിർമാണച്ചെലവ്.



## കുന്നംകുളം താലൂക്ക് ആശുപത്രി: 76.51 കോടി രൂപയുടെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചു

**കുന്നംകുളം:** താലൂക്ക് ആശുപത്രി മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന് 76.51 കോടി രൂപയുടെ സാങ്കേതികാനുമതിയായി.എ സി മൊയ്തീൻ എംഎൽഎ മന്ത്രിയായിരിക്കെ പ്രത്യേക താല്പര്യമെടുത്ത് കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തിയതാണ് കുന്നംകുളം താലൂക് ആശുപത്രി സ്പെഷ്യാലിറ്റി ബ്ലോക്ക്.

1.48 ലക്ഷം ചതുരശ്ര അടിയിൽ 7 നിലകളിലായാണ് ആധുനിക ചികിത്സാ സൗകര്യങ്ങളോട് കൂടിയ കെട്ടിടം രൂപകല്പന ചെയ്തിട്ടുള്ളത്. ഗ്രൗണ്ട് ഫ്ലോറിനു താഴത്തെ നിലയിൽ ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ, എം ജി പി എസ് ബാറ്ററി റൂം, ലാബ്, മോർച്ചറി എന്നിവയും ഗ്രൗണ്ട് ഫ്ലോറിൽ ക്വാഷ്വാലിറ്റി, ട്രയാജ്, ഒബ്സർവേഷൻ റൂം, പ്രൊസീജിയർ റൂം, മൈനർ ഒ ടി, സിടി സ്കാൻ, എക്സ്റേ, ഡയാലിസിസ് തുടങ്ങിയവയുമാണ് പ്രവർത്തിക്കുക.

ഒന്നാം നിലയിൽ ഒ.പി റൂം, ഓർത്തോ, ജനറൽ ഒ.പി, ഫീവർ ക്ലിനിക്, ഡെർമെറ്റോളജി, ഒപ്താൽമോളജി, ജനറൽ സർജറി, ജനറൽ മെഡിസിൻ, ഇ എൻ ടി, പീഡിയാട്രിക്ക്, ഗൈനക്കോളജി. രണ്ടാം നിലയിൽ വാർഡുകൾ, ഐസൊലേഷൻ, ഡ്യൂട്ടി റൂം. മൂന്നാം നിലയിൽ വാർഡുകളും മെഡിക്കൽ ഐസിയുമാണ് പ്രവർത്തിക്കുക. നാലാം നിലയിൽ ഓപ്പറേഷൻ തിയറ്റർ, പ്രീ ഒ പി റൂമുകൾ, അനസ്തേഷ്യ റൂം, സർജിക്കൽ ഐസിയു എന്നിവ ഉണ്ടാകും. അഞ്ചാം നിലയിൽ എ എച്ച് യു (എയർ ഹാൻറിലിംഗ് യൂണീറ്റ്), സി എസ് എസ് ഡി (സെൻറർ സ്റ്റർലൈസിംഗ് സർവ്വീസ് സിപ്പാർട്ട്മെന്റ്) എന്നിവയും ഒരുക്കും.

കിഫ്ബിയുടെ എസ്.പി.വിയായ ഇൻകെൽ ലിമിറ്റഡാണ് വിശദമായ പദ്ധതി രേഖ തയ്യാറാക്കി സമർപ്പിച്ചത്. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്ന പ്രവർത്തി പൂർത്തിയായിട്ടുണ്ട്. ടൗൺ പ്ലാനിങ്ങിൽ നിന്നുള്ള കെട്ടിടത്തിന്റെ രൂപരേഖയ്ക്ക് അനുമതി ഈയാഴ്ച ലഭ്യമാകുമെന്ന് എംഎൽഎ അറിയിച്ചു.

# മെഡിക്കൽ അത്യാഹിതങ്ങൾക്കായി ഡ്രോണുകൾ വികസിപ്പിച്ച എൻഐടിസി വിദ്യാർഥികൾക്ക് ദേശീയ അംഗീകാരം

**കോഴിക്കോട്:** ദേശീയ തലത്തിലുള്ള ഡ്രോൺ വികസന മത്സരത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാലിക്കറ്റിലെ എയറോഅൺവയർഡ് ക്ലബ്ബിന്റെ ഭാഗമായ ഒമ്പത് വിദ്യാർഥികളടങ്ങുന്ന ടീമിന് ഒന്നാം സ്ഥാനം ലഭിച്ചു. മെഡിക്കൽ അത്യാഹിത ഘട്ടങ്ങളിൽ ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന ഡ്രോൺ വികസിപ്പിച്ചാണ് എൻഐടിസി വിദ്യാർഥികൾ അഭിമാന നേട്ടം കരസ്ഥമാക്കിയത്.



സൊസൈറ്റി ഓഫ് ഓട്ടോമോട്ടീവ് എൻജിനീയേഴ്സ് ഇന്ത്യ ദേശീയ തലത്തിൽ നടത്തിയ ആൾ ഇന്ത്യ ഓട്ടോണമസ് ഡ്രോൺ ഡെവലപ്മെന്റ് 2023 മത്സരത്തിലാണ് എൻഐടിസിയിലെ എയറോമോഡലിങ് ക്ലബ്ബിലെ വിദ്യാർഥികൾ മികച്ച ഡിസൈൻ റിപ്പോർട്ട് അവാർഡ് കരസ്ഥമാക്കിയത്. ചെന്നൈയിൽ നടന്ന മത്സരത്തിൽ ഇന്ത്യയിലെ വിവിധ കോളേജുകളിൽ നിന്നായി 42 ടീമുകൾ പങ്കെടുത്തു.

അടിയന്തര ഘട്ടങ്ങളിൽ ആരോഗ്യരക്ഷാ സാധനങ്ങൾ കൊണ്ടുപോകുന്നതിനായുള്ള ഒരു സ്വയംനിയന്ത്രിത ഡ്രോൺ ആണ് മത്സരത്തിന്റെ നിർദേശങ്ങൾക്കനുസൃതമായി വികസിപ്പിച്ചെടുത്തതെന്ന് ടീമംഗമായ ആയുഷ് സിങ് പറഞ്ഞു. മെഡിക്കൽ അത്യാഹിത ഘട്ടങ്ങളിൽ ഒരു കിലോഗ്രാം വരെ ഭാരമുള്ള മെഡിക്കൽ സാധനങ്ങൾ കൊണ്ടുപോകുന്നതിന് സ്വയം നിയന്ത്രണശേഷിയുള്ള ഡ്രോൺ രൂപകൽപന ചെയ്യുകയും നിർമിക്കുകയും ചെയ്യുക എന്നതായിരുന്നു എസ്എഇ നടത്തിയ മത്സരത്തിന്റെ ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആയുഷ് സിങ്, ഹിമാൻഷു ദുഡി, സിറിയക് ജോയ്, നവീൻ സുനിൽ, കോമൾ സിങ്, ശ്യാം പ്രകാശ്, വേദാന്ത് ജാദവ്, അരുൺ എസ്.കെ, അനുരാഗ് ഭട്ട് എന്നിവരടങ്ങിയ ടീമാണ് മത്സരത്തിൽ വിജയികളായത്. വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിദൂരമായി പൈലറ്റുചെയ്ത റോട്ടറി വിങ് ഡ്രോൺ എന്ന ആശയം ഉൾക്കൊള്ളാനും രൂപകൽപന ചെയ്യാനും വികസിപ്പിക്കാനും വിദ്യാർഥികൾക്ക് അവസരം നൽകുന്നതിനായാണ് സംഘാടകർ ഇത്തരമൊരു പരിപാടി സംഘടിപ്പിച്ചത്.

ഡ്രോൺ വികസിപ്പിക്കുന്നതിന് മത്സരത്തിന്റെ സംഘാടകർ ചില മാർഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. മാർഗനിർദ്ദേശം അനുസരിച്ച്, ഡ്രോൺ സ്വയം നിർദ്ദിഷ്ട സ്ഥലത്തേക്ക് നീങ്ങുകയും മെഡിക്കൽ സാധനങ്ങൾ നിക്ഷേപിച്ച് ബേസ് സ്റ്റേഷൻ സ്ഥാനത്തേക്ക് മടങ്ങുകയും വേണമെന്നും അതിനനുസൃതമായാണ് വിദ്യാർഥികൾ ഡ്രോൺ നിർമിച്ചത് എന്നും അധ്യാപക കോഓർഡിനേറ്റർമാരായ എ.എം. ശ്രീനാഥ്, ഡോ. ടി.ജെ.എസ്. ജോതി എന്നിവർ പറഞ്ഞു. 3 മീറ്റർ ഉയരത്തിൽ നിന്ന് വൈദ്യുതകാന്തിക സംവിധാനം ഉപയോഗിച്ച് പേലോഡ് വീഴ്ത്തുന്ന തരത്തിലാണ് ഡ്രോൺ രൂപകൽപന ചെയ്തിരിക്കുന്നതെന്ന് ക്ലബ് എയറോഅൺവയർഡിന്റെ ചുമതലയുള്ള അധ്യാപകർ പറഞ്ഞു.

എൻഐടിസിയിലെ പൂർവ വിദ്യാർഥി സംഘടനയുടെ സാമ്പത്തിക സഹായത്തോടെയാണ് എയ്റോഅൺവയേർഡ് ക്ലബ് മത്സരത്തിനായി ഒരുങ്ങിയത്.

# എ.വി.ജി.സിഎക്സ്.ആർ ഉച്ചകോടി ഒക്ടോബർ 30, 31 തിരുവനന്തപുരത്ത്




**കൊച്ചി:** പുതിയ കാലത്തിന്റെ അവസരങ്ങൾ പരിചയപ്പെടുത്തുന്നതിന് ആനിമേഷൻ വി.എഫ്.എക്സ് ഗെയിമിംഗ് കോമിക്സ് എക്സ്റ്റൻഡഡ് റിയാലിറ്റി(എ.വി.ജി.സി എക്സ്.ആർ) അടിസ്ഥാനമാക്കി കേരത്തിൽ ദ്വിദിന ഉച്ചകോടി സംഘടിപ്പിക്കുന്നു. കേരള സർക്കാരും ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും(ഫിക്കി) സംയുക്തമായി ഒക്ടോബർ 30, 31 തീയതികളിൽ തിരുവനന്തപുരത്ത് നടത്തുന്ന ഉച്ചകോടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ(കെ.എസ്.എഫ്.ഡി.സി) ചെയർമാൻ ഷാജി എൻ കരുൺ പറഞ്ഞു. ഉച്ചകോടിക്ക് മുന്നോടിയായി കെ.എസ്.എഫ്.ഡി.സിയുടെ നേതൃത്വത്തിൽ ആനിമേഷൻ, വിഷ്വൽ എഫക്ട്സ്, ഗെയിമിംഗ് ആൻഡ് കോമിക്സ്എക്സ്റ്റൻഡഡ് റിയാലിറ്റി പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ വിദഗ്ധരുമായി എറണാകുളം ഗസ്റ്റ് ഹൗസിൽ ചർച്ച നടത്തി.അടുത്ത 10 വർഷത്തിനുള്ളിൽ എ.വി.ജി.സി എക്സ്.ആർ രംഗത്ത് ഇന്ത്യയിൽ മാത്രം 20 ലക്ഷം പേർക്കാണ് ജോലി സാധ്യതയുള്ളത്. കേരളം കേന്ദ്രീകരിച്ചുള്ള വിഎഫ്എക്സ് സ്റ്റുഡിയോകളും കലാകാരന്മാരും അന്താരാഷ്ട്ര സിനിമ , ടെലിവിഷൻ പ്രോജക്ടുകൾക്കായി കുറഞ്ഞ ചെലവിൽ തയ്യാറാക്കിയ മികവുറ്റ സൃഷ്ടികൾ ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്. ഒട്ടനവധി അന്താരാഷ്ട്ര പ്രൊഡക്ഷൻ ഹൗസുകളും ആനിമേഷൻ വിഎഫ്എക്സ് കമ്പനികളും കേരളത്തിൽ മുതൽ മുടക്കാൻ ആഗ്രഹിക്കുന്നതായി ഷാജി എൻ കരുൺ പറഞ്ഞു. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ നമ്മുക്ക് കഴിയണമെന്നും അദ്ദേഹം പറഞ്ഞു. വാർത്താവിനിമയ മന്ത്രാലയം കഴിഞ്ഞ വർഷം എ.വി.ജി.സി എക്സ്.ആർ സെക്ടറിനായി ദേശീയ കരട് നയം അവതരിപ്പിച്ചിരുന്നു. ഇത് ഈ രംഗത്ത് ഇന്ത്യയുടെ ആഭ്യന്തര ശേഷി വർധിപ്പിക്കുവാനും ഈ മേഖലയിലെ അവസരങ്ങൾ വികസിപ്പിക്കുവാനും ലക്ഷ്യമിട്ടാണ്. ദേശീയ എ.വി.ജി.സി എക്സ്.ആർ നയം സംസ്ഥാനതലത്തിൽ ആവർത്തിക്കുക എന്ന കാഴ്ചപ്പാടോടെ കേരളം, തമിഴ്നാട്, മഹാരാഷ്ട്ര, ഒഡിഷ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാന സർക്കാരുകളുമായി ഫിക്കി സഹകരിക്കുന്നുണ്ട്.എ.വി.ജി.സി യുടെ സാധ്യതകൾ തിരിച്ചറിഞ്ഞ് സംസ്ഥാനത്തിന്റെ ഈ മേഖലയിലെ കഴിവും സർഗ്ഗാത്മകതയും സാങ്കേതിക ശക്തിയും പ്രയോജനപ്പെടുത്താൻ കഴിയണമെന്ന് എ.വി.ജി.സി ഫോറം ഫിക്കി ചെയർമാൻ ആശിഷ് കുൽക്കർണി പറഞ്ഞു. ഇക്കാര്യത്തിൽ നയ വികസനത്തിന് എല്ലാവിധ പിന്തുണയും നൽകുമെന്ന് അദ്ദേഹം പറഞ്ഞു.നൂതന കാലഘട്ടത്തിൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാനത്ത് എ.വി.ജി.സി നയരൂപീകരണത്തിന്റെ അനിവാര്യത മനസിലാക്കി ഫിക്കിയുമായി ചേർന്ന് സിഡിറ്റ്, കെഡിസ്ക്, കേരള സ്റ്റാർട്ട് അപ്പ് മിഷൻ എന്നിവയുടെ സഹകരണത്തോടെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.ആനിമേഷൻ, വിഎഫ്എക്സ് സ്റ്റുഡിയോകൾ, വ്യവസായ വിദഗ്ധർ, വിദ്യാർത്ഥികൾ, കലാകാരന്മാർ, ആനിമേറ്റർമാർ, കണ്ടന്റ് ക്രിയേറ്റേഴ്സ് എന്നീ മേഖലയിലുള്ളവരെ ഉയർത്തി കൊണ്ടുവരാനാണ് ഉച്ചകോടി ലക്ഷ്യമിടുന്നത്. വ്യവസായ രംഗത്തെ വിദഗ്ധർ, നയ രൂപീകരണ, ചലച്ചിത്ര, ആനിമേഷൻ രംഗത്തെ വിദഗ്ധർ തുടങ്ങിയവരും പങ്കാളികളാകുന്ന ഉച്ചകോടിയിൽ എ.വി.ജി.സി എക്സ്.ആർ നയത്തിന്റെ വിവിധ ഘടകങ്ങൾ, വെല്ലുവിളികൾ, ബിസിനസ് അവസരങ്ങൾ എന്നിവ ചർച്ച ചെയ്യും.ഉച്ചകോടി പ്രഖ്യാപനം, എ.വി.ജി.സി എക്സ്.ആർ നയത്തിന്റെ കരട് പ്രകാശനം, കേരളത്തിൽ ശക്തവും സുസ്ഥിരവുമായ ഒരു എ.വി.ജി.സി ഇക്കോസിസ്റ്റം സ്ഥാപിക്കുന്നതിനുള്ള വഴികളെക്കുറിച്ച് വ്യവസായ വിദഗ്ധരും നയ രൂപീകരണ, എ.വി.ജി.സി രംഗത്തെ വിദഗ്ധരും ചേർന്ന് നടത്തുന്ന ചർച്ചകൾ ഉൾകൊള്ളുന്ന വിവിധ സെഷനുകൾ ഉച്ചകോടിയിൽ ഉണ്ടായിരിക്കും.ഉച്ചക്കോടിയിൽ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, ചീഫ് സെക്രട്ടറി വി.വേണു, കേന്ദ്ര വാർത്താ വിനിമയ മന്ത്രാലയം സെക്രട്ടറി അപൂർവ ചന്ദ്ര, സാംസ്കാരികം, വിദ്യാഭ്യാസം, സ്കില്ലിങ്, ഐ ടി എന്നീ വകുപ്പുകളിൽ നിന്നുള്ള പ്രിൻസിപ്പൽ സെക്രട്ടറിമാരും പങ്കെടുക്കും.പത്രസമ്മേളത്തിൽ സിഡിറ്റ് ഡയറക്ടർ ജി.ജയരാജ്, കെ.എസ്.എഫ്.ഡി.സി മാനേജിംഗ് ഡയറക്ടർ കെ.വി അബ്ദുൾ മാലിക്, ടൂൺസ് മീഡിയ ഗ്രൂപ്പ് സിഇഒ പി.ജയകുമാർ, ഫിക്കി ചീഫ് അസി.സെക്രട്ടറി ലീനാ ജയ്സാനി, സ്റ്റാർട്ട് അപ്പ് മിഷൻ പ്രോഗ്രാം പ്രോജക്ടർ കാർത്തിക് പരശുറാം എന്നിവർ പങ്കെടുത്തു.

# എളങ്കുന്നപ്പുഴയിൽ രണ്ടു കോടിയുടെ സ്കൂൾ കെട്ടിടം



**കൊച്ചി:** രണ്ടു കോടി രൂപ ചെലവിട്ട് എളങ്കുന്നപ്പുഴ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനു വേണ്ടി നിർമ്മിച്ച സുസജ്ജമായ കെട്ടിടം പൊതു വിദ്യാഭ്യാസ, തൊഴിൽ മന്ത്രി വി ശിവൻകുട്ടി ഈ മാസം 9 ന് ഉച്ചയ്ക്കു 12നു നാടിനു സമർപ്പിക്കുമെന്ന് കെ എൻ ഉണ്ണിക്കൃഷ്ണൻ എം എൽ എ അറിയിച്ചു. ഇതോടനുബന്ധിച്ച സമ്മേളനത്തിൽ കെ എൻ ഉണ്ണിക്കൃഷ്ണൻ എം എൽ എ അധ്യക്ഷത വഹിക്കും. ഹൈബി ഈഡൻ എം പി മുഖ്യാതിഥിയാകും. സംസ്ഥാന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായാണ് പുതിയ കെട്ടിടം സമയബന്ധിതമായി പൂർത്തിയാക്കിയതെന്ന് കെ എൻ ഉണ്ണിക്കൃഷ്ണൻ പറഞ്ഞു. മൂന്നു നിലകളിലായി നിർമ്മിച്ച പുതിയ കെട്ടിടത്തിൽ ക്ലാസ് മുറികൾക്കു പുറമെ ഓഫീസുകൾ, ടോയ്ലെറ്റുകൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. മൊത്തം 7500 ചതുരശ്ര അടിയാണ് മന്ദിരത്തിന്റെ വിസ്തീർണം. പൊതുമരാമത്ത് വകുപ്പാണ് നിർമ്മാണ ചുമതല നിർവ്വഹിച്ചത്.ഇതേ സ്കൂളിൽ എൽ പി വിഭാഗത്തിനായി ഒരു കോടി ചെലവിടുന്ന കെട്ടിടം നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. ഹൈസ്കൂളിന് കിഫ്ബി ഫണ്ടിൽ ഒരു കോടി രൂപ യുടെ പുതിയ കെട്ടിടം നിർമ്മിക്കാൻ വഴി തുറന്നതായും കെ എൻ ഉണ്ണിക്കൃഷ്ണൻ എം എൽ എ പറഞ്ഞു.ഉദ്ഘാടന സമ്മേളനത്തിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പുറമെ മറ്റു ജനപ്രതിനിധികളും രാഷ്ട്രീയ സാമൂഹിക പ്രവർത്തകരും ഉദ്യോഗസ്ഥരും പങ്കെടുക്കും.

# കന്നി 20 പെരുന്നാൾ: ഒരുക്കങ്ങൾ വിലയിരുത്താൻ ഉന്നതതല യോഗം



**കൊച്ചി:** ആഗോള സർവമത തീർത്ഥാടന കേന്ദ്രമായ കോതമംഗലം മാർത്തോമ ചെറിയ പള്ളി കന്നി 20 പെരുന്നാളിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിന് ഉന്നതതല യോഗം ചേർന്നു. ആന്റണി ജോൺ എം.എൽ.എയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനപ്രതിനിധികളും വിവിധ വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തു.താലൂക്ക് തഹസിൽദാർ കൺവീനറായുള്ള കൺട്രോൾ റൂം സേവനം സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 4 വരെ പള്ളിയങ്കണത്തിൽ ക്രമീകരിക്കാൻ തീരുമാനിച്ചു. ഗ്രീൻ പ്രോട്ടോകോൾ പ്രകാരം പള്ളിയും പരിസരവും പ്ലാസ്റ്റിക് നിരോധിത മേഖലയായി പ്രഖ്യാപിക്കുമെന്നും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും കോതമംഗലം നഗരസഭ ചെയർമാൻ കെ.കെ ടോമി അറിയിച്ചു. ഇതിനായി ശുചിത്വമിഷനേയും ഹരിത കർമ്മ സേനയെയും സ്കൂൾ കോളേജ് എൻ.എസ്.എസ് വിദ്യാർത്ഥികളെയും ഏകോപിപ്പിച്ചുകൊ് കമ്മറ്റി രൂപീകരിക്കും.മറ്റ് ജില്ലകളിൽ നിന്നും വരുന്ന വാഹനങ്ങൾ ടൗണിൽ പാർക്ക് ചെയ്യുന്നതിന് പെർമിറ്റ് എടുക്കണം എന്ന് ആർ.ടി.ഒ നിർദേശിച്ചു. ലഹരി വിമുക്തമായി പെരുന്നാൾ ആഘോഷിക്കുന്നതിനായി കുന്നത്തുനാട് മുതൽ മൂവാറ്റുപുഴ വരെ എക്സൈസ് കോമ്പിംഗ് നടത്തും. കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി അനതൃകത കച്ചവടങ്ങൾ അനുവദിക്കില്ലന്നും ഭിക്ഷാടനം നിരോധിക്കും.മാർത്തോമ ചെറിയ പള്ളിയിൽ ചേർന്ന യോഗത്തിൽ വികാരി ഫാ. ജോസ് പരത്തുവയലിൽ, ട്രസ്റ്റിമാരായ സി.ഐ ബേബി, ബിനോയ് മണ്ണഞ്ചേരി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എ.എം ബഷീർ, താലൂക്ക് തഹസിൽദാർ റേച്ചൽ .കെ. വർഗീസ്, കീരംപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാമച്ചൻ ജോസഫ്, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. എം മജീദ്, ജനമൈത്രി സംരക്ഷണ സമിതി ചെയർമാൻ എ.ജി ജോർജ്, കോതമംഗലം നഗരസഭ വൈസ് ചെയർപേഴ്സൺ സിന്ധു ഗണേശൻ,ജില്ലാ പഞ്ചായത്ത് അംഗം കെ.കെ ദാനി, നഗരസഭ സ്ഥിരം സമിതി അധ്യക്ഷൻ കെ.എ നൗഷാദ്, മറ്റ് ജനപ്രതിനിധികൾ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, വ്യാപാരി വ്യവസായി സമിതി ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

# വിനോദസഞ്ചാരികളെ ആകർഷിക്കാൻ അഗ്രി ടൂറിസം പാർക്ക് ഒരുങ്ങുന്നു

**കൊച്ചി:** ആഭ്യന്തരവിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ പറവൂരിലെ ഏഴിക്കരയിൽ അഗ്രി ടൂറിസം പാർക്ക് ഒരുങ്ങുന്നു. പള്ളിയാക്കൽ സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ കൃഷിക്കൊപ്പം ടൂറിസവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് അഗ്രി ടൂറിസം പാർക്ക് യാഥാർത്ഥ്യമാകുന്നത്. കാർഷിക മേഖലയിലെ വിവിധ പദ്ധതികളുടെ വിജയത്തിന്റെ തുടർച്ചയായാണ് ബാങ്ക് അഗ്രി പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കൃഷിയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിനൊപ്പം കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി ഏഴിക്കരയിൽ ഒന്നര ഏക്കർ സ്ഥലം കത്തെിയതായി പള്ളിയാക്കൽ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എ.സി ഷാൻ പറഞ്ഞു. സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം 10 വർഷത്തേക്ക് പാട്ടത്തിനെടുത്താണ് അഗ്രിടൂറിസം പാർക്കിന്റെ പ്രധാന കേന്ദ്രം നിർമ്മിക്കുന്നത്.പദ്ധതിയിൽ താല്പര്യമുള്ള കർഷകരുടെ കൃഷിയിടങ്ങൾ കൂടി ഉൾപ്പെടുത്തുന്നതോടെ ബാങ്കിന്റെ രൂപകൽപ്പനയിൽ മറ്റു കേന്ദ്രങ്ങൾ കൂടി സജ്ജമാകും. കൃഷിയിടങ്ങൾ സന്ദർശിക്കുന്നവർക്ക് അവിടെ താമസിച്ച്, പ്രാദേശിക കൃഷി രീതികളെക്കുറിച്ച് കുപഠിക്കുന്നതിനുള്ള സൗകര്യമാണ് പദ്ധതിയിലൂടെ ഒരുങ്ങുന്നത്. താമസിക്കുന്നതിനായി ഹോംസ്റ്റേ, ടെന്റുകൾ തുടങ്ങിയവ സജ്ജീകരിക്കും. അഡ്വഞ്ചർ ടൂറിസം ഇഷ്ടപ്പെടുന്നവർക്കായി കയാക്കിംഗ്, ഫിഷിങ്, ലൈവ് കുക്കിങ് തുടങ്ങി മുഴുവൻ സമയ വിനോദ സംവിധാനങ്ങൾ ഏർപ്പെടുത്തും. സഞ്ചാരികൾക്ക് എത്തിച്ചേരുന്നതിനായി ഗതാഗത സംവിധാനവും ഒരുക്കും. കൃഷിയിടങ്ങൾ വിനോദത്തിനു കൂടി വഴി തുറക്കുന്നത്തോടെ കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനൊപ്പം നിരവധി തൊഴിൽ സാധ്യതകളാണ് ഏഴിക്കര നിവാസികളെ കാത്തിരിക്കുന്നത്.

# എല്ലാം അപ്രതീക്ഷിതം ; ആസ്റ്റർ പി.എം.എഫ് ആശുപത്രിയിൽ ജോലിക്കൊരുങ്ങി അജിത്ത്



**കൊച്ചി:** അപ്രതീക്ഷിതമായി ലഭിച്ച ഓണക്കോടിയുടെയും നിയമന ഉത്തരവിന്റെയും അമ്പരപ്പ് ഇനിയും അജിത്തിനെ വിട്ടുമാറിയിട്ടില്ല. നിനച്ചിരിക്കാതെ മുന്നിലെത്തിയ അതിഥികളെ കണ്ടപ്പോൾ ഉണ്ടായ സന്തോഷം അത്ഭുതത്തിന് വഴി മാറുകയായിരുന്നു. കരൾ മാറ്റി വെക്കൽ ശസ്ത്രക്രിയയിലൂടെ ജീവിതംതിരിച്ച് പിടിച്ച കൊല്ലം വെട്ടിക്കവല തലച്ചിറ സ്വദേശി അജിത്തിനെ കാണാനെത്തിയ കെ.ബി ഗണേഷ് കുമാർ എം.എൽ.എ, ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻയാസീൻ, കൊച്ചി ആസ്റ്റർ മെഡ്സിറ്റി, കൊല്ലം ആസ്റ്റർ പി.എം.എഫ് എന്നിവിടങ്ങളിലെ കൺസൾട്ടന്റ് മൾട്ടി ഓർഗൻ സർജനായ ഡോ. ബിജു ചന്ദ്രൻ എന്നിവരായിരുന്നു സർപ്രൈസ് ഒരുക്കി ഏവരെയും ഞെട്ടിച്ചത്.വിൽസൺ ഡിസീസ് എന്ന ഗുരുതരമായ ജനിതക കരൾ രോഗത്തെ തുടർന്ന് ജീവിതത്തിൽ പകച്ച് നിന്നിരുന്ന അജിത്തിനെ സന്തോഷത്തിന്റെ തീരങ്ങളിലേക്ക് മടക്കിയെത്തിച്ചതിൽ ഇവരുടെ പങ്ക് അവിസ്മരണീയമാണ്. ഒന്നര വർഷം മുൻപ് കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലായിരുന്നു അശോകൻ ശാരദ ദമ്പതികളുടെ മകൻ അജിത്തിന്റെ കരൾ മാറ്റ ശസ്ത്രക്രിയ നടത്തിയത്. ചികിത്സക്ക് ശേഷം അജിത്തിന്റെവീട്ടിലെത്തിയായിരുന്നു ഓണക്കോടിയും ആസ്റ്റർ പി.എം.എഫിലെ നിയമന ഉത്തരവും നൽകിയത്.ആശുപത്രിയിലെ ജനറൽ അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലാണ് അജിത്തിന്റെ നിയമനം. മറ്റൊരു സ്വകാര്യ ആശുപത്രിയിലായിരുന്നു അജിത്തിനെ ആദ്യം ചികിത്സിച്ചിരുന്നത്. മകന് കരൾ പകുത്ത് നൽകാൻ ശാരദ തയ്യാറായിരുന്നെങ്കിലും ശസ്ത്രകിയക്ക് 20 ലക്ഷത്തിലധികം രൂപയാകുമെന്നായിരുന്നു ആശുപത്രി അധികൃതർ പറഞ്ഞത്. അവസാന ആശ്രയം എന്ന നിലയിലായിരുന്നു ഇവർ എം.എ.എൽയെ തേടിയെത്തിയത്. അദ്ദേഹം ഇടപെട്ട് അന്നത്തെ സാമൂഹ്യ നീതി വകുപ്പ് മന്ത്രിയായിരുന്ന കെ.കെ ശൈലജക്ക് അപേക്ഷ സമർപ്പിച്ചു. അടിയന്തിര പരിഗണന നൽകാനുള്ള മന്ത്രിയുടെ നിർദ്ദേശംകൂടി ലഭിച്ചതോടെ 15 ലക്ഷം രൂപ ചികിത്സ സഹായം അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് സാമൂഹ്യ സുരക്ഷ മിഷനിൽ നിന്ന് ആശുപത്രി ഡയറക്ടർക്ക് അയച്ചു.

അതേസമയം 22 ലക്ഷം രൂപ മുൻകൂർ കെട്ടിവെച്ചാൽ മാത്രമേ ശസ്ത്രക്രിയ നടത്തൂ എന്ന നിലപാടിലായിരുന്നു ആശുപത്രി അധികൃതർ. പണം ലഭിക്കാൻവൈകുമെന്നതായിരുന്നു അവരുടെ ആശങ്ക. എം.എൽ.എ നേരിട്ട് ഉത്തരവാദിത്വം ഏറ്റെടുക്കാമെന്ന് ഉറപ്പ് നൽകിയെങ്കിലും പ്രത്യേകിച്ച് ഒരു ഗുണവും ഉണ്ടായില്ല എന്ന്മാത്രമല്ല, അജിത്തിന്റെ ആരോഗ്യ നില വഷളാകുകയും ചെയ്തു.അതിനിടെയായിരുന്നു ഡോ.ബിജു ചന്ദ്രന്റെ സന്ദേശം ഗണേഷ് കുമാറിനെ തേടിയെത്തിയത്. കരൾ മാറ്റി വെക്കൽ ശസ്ത്രക്രിയ ആവശ്യമുള്ള നിർധനരായ കുട്ടികൾക്ക്ആസ്റ്റർ മെഡ്സിറ്റിയിൽ കുറഞ്ഞ നിരക്കിൽ ചെയ്ത് കൊടുക്കാമെന്നായിരുന്നു സന്ദേശം. അധികം വൈകാതെ ശസ്ത്രക്രിയ പൂർത്തിയാകുകയും അമ്മയും മകനും പൂർണആരോഗ്യത്തോടെ പഴയ ജീവിതത്തിലേക്ക് മടങ്ങുകയുമായിരുന്നു. രോഗത്തെ തുടർന്നുള്ള അവശതയും നിരന്തരമുള്ളചികിത്സയും മൂലം പ്ലസ് ടു വിജയിക്കാൻ അജിത്തിന് സാധിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ കുടുംബത്തിന്റെ ആശ്രയമായ അജിത്തിനെ കൈവെടിയരുത് എന്ന ചിന്തയിൽനിന്നായിരുന്നു ജോലി നൽകാനുള്ള തീരുമാനത്തിലേക്ക് ആസ്റ്റർ ഗ്രൂപ്പ് എത്തിയത്.ആസ്റ്റർ മെഡ്സിറ്റിയിലെ ഇന്റഗ്രേറ്റഡ് ലിവർ കെയർ കോ ഓർഡിനേറ്റർ ചിഞ്ചു അഗസ്റ്റിൻ, മീഡിയ റിലേഷൻസ് മാനേജർ ടി.എസ് ശരത് കുമാർ, ഓപ്പറേഷൻസ് മാനേജർസബ്സദ് വളപ്പിൽ ഡെപ്യൂട്ടി മാനേജർ വിഷ്ണു മോഹൻ എന്നിവരും കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയക്ക് വിധേയരായവരുടെ സംഘടനയായ ലിഫോക്ക് പ്രതിനിധികളുംഅജിത്തിനെ കാണാൻ എത്തിയിരുന്നു.

## കെസിബിസി അഖില കേരള പ്രൊഫഷണൽ നാടക മൽസരം സെപ്തംബർ 21 മുതൽ




**കൊച്ചി:** കെസിബിസിയുടെ 34ാമത് അഖില കേരള നാടക മൽസരം സെപ്തംബർ 21 മുതൽ 30വരെ നടക്കും.ഒമ്പതു മൽസര നാടകങ്ങളും ഒരു പ്രദർശന നാടകവും ഉൾപ്പെടുന്നതാണ് ഇത്തവണത്തെ നാടക മേള. സെപ്റ്റംബർ 21 ന് തിരുവനന്തപുരം സ്വദേശാഭിമാനിയുടെ .ചേച്ചിയമ്മ. എന്ന നാടകത്തോടെയാണ് മൽസരത്തിന് തുടക്കമാകുന്നത്. ഉദ്ഘാടന സമ്മേളനത്തിൽ കെസിബിസി പ്രസിഡന്റ് മോറാൻ മോർ കാർദിനാൾ ബസേലിയോസ് ക് ളീമിസ് കാത്തോലിക്കാ ബാവ, ബിഷപ്പ് അലക്സ് വടക്കുംതല, ചലച്ചിത്ര താരം ബാബു ആന്റണി എന്നിവർ പങ്കെടുക്കും.22 ന് വടകര കാഴ്ച കമ്മ്യൂണിക്കേഷൻസിന്റെ ശിഷ്ടം., 23 ന് പാലാ കമ്മ്യൂണിക്കേഷൻസിന്റെ .ജീവിതം സാക്ഷി., 24 ന് തിരുവനന്തപുരം അക്ഷര ക്രിയേഷൻസിന്റെ .ഇടം., 25ന് കൊല്ലം ആത്മമിത്രയുടെ .കള്ളത്താക്കോൽ., 26 ന് കോഴിക്കോട് സങ്കീർത്തനയുടെ .ചിറക്., 27 ന് തിരുവനന്തപുരം അസിധാരയുടെ .കാണുന്നതല്ല കാഴ്ചകൾ., 28 ന് കോട്ടയം ദൃശ്യവേദിയുടെ .നേരിന്റെ കാവലാൾ., 29 ന് കായംകുളം ദേവ കമ്മ്യൂണിക്കേഷൻസിന്റെ .ചന്ദ്രികാവസന്തം. എന്നിവ അവതരിപ്പിക്കും. സെപ്റ്റംബർ 30 ന് വൈകുന്നേരം 5.30 ന് നടക്കുന്ന സമ്മേളനത്തിൽ നാടക മൽസരത്തിലെ വിജയികൾക്കുള്ള സമ്മാന ദാനം,അവാർഡ് വിതരണം എന്നിവ നടക്കും.തുടർന്ന് കൊല്ലം അയനത്തിന്റെ .അവനവൻ തുരുത്ത്. എന്ന നാടകവും ഉണ്ടായിരിക്കും.നാടക മേളയുടെ പാസ്സ് സെപ്റ്റംബർ 15 മുതൽ പാലാരിവട്ടം പി ഒ സിയിൽ നിന്നും ലഭിക്കുമെന്ന് കെസിബിസി മീഡിയ സെക്രട്ടറി ഫാ.ഡോ.എബ്രഹാം ഇരിമ്പിനിക്കൽ പറഞ്ഞു.

## ജോൺ പോൾ സ്മരണയിൽ ഓർമ്മച്ചാമരം



**കൊച്ചി:** തിരക്കഥാകൃത്ത് ജോൺ പോളിന്റെ പ്രഥമ അനുസ്മരണം പാലാരിവട്ടം പി ഒ സിയിൽ നടന്നു. ഡയറക്ടർ മോഹൻ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ മാക്ട ചെയർമാൻ മെക്കാർട്ടിൻ അധ്യക്ഷൻ ആയിരുന്നു. ബിഷപ്പ് ഡോ അലക്സ് വടക്കുംതല, ടി ജെ വിനോദ് എം എൽ എ, ഉമാ തോമസ് എം എൽ എ, ഏലിയാസ് ഈരാളി, ടി എം എബ്രഹാം, പി ജെ ചെറിയാൻ, ഫാ ജേക്കബ് പാലക്കാപ്പിള്ളി, ഫാ റോബി കണ്ണൻചിറ, ഫാ ഏബ്രഹാം ഇരിമ്പിനിക്കൽ, ഷിബു ചക്രവർത്തി, സന്തോഷ് വർമ്മ, അജു നാരായണൻ, കൈലാഷ്, ജോളി ജോസഫ്, സി രാജഗോപാൽ, ഔസേപ്പച്ചൻ വാളക്കുഴി, താരാ കെ ജി ജോർജ്, ഷേർളി സോമസുന്ദരം, കോളിൻസ് എന്നിവർ പ്രസംഗിച്ചു.നവാഗത തിരക്കഥാ രചനയ്ക്കുള്ള ജോൺ പോൾ പുരസ്കാരം ഫാ ഡാനി കപ്പൂച്ചിന് സമ്മാനിച്ചു. ഒരേ ഒരു ജോൺ പോൾ എന്ന പുസ്തകം പ്രകാശനം ചെയ്തു.ജോൺ പോൾ സിനിമകളുടെ ലാവണ്യശാസ്ത്രം എന്ന വിഷയത്തിൽ പ്രൊഫ. അജു നാരായണൻ മോഡറേറ്ററായി ചലച്ചിത്ര സംവാദം നടന്നു

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്സിന് അവധി ദിവസങ്ങളിൽ കൺസഷൻ നൽകണം

**കൊച്ചി:** സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനായി പോകുന്ന കുട്ടികൾക്ക് അവധി ദിവസങ്ങളിലും കൺസഷൻ അനുവദിക്കണമെന്ന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു. ഉത്തരവാദിത്വ ബോധമുള്ള യുവ തലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ് വെക്കേഷൻ ക്യാമ്പുകൾ. ഒരു പാഠ്യ അനുബന്ധ പദ്ധതി ആയതിനാൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ അവധി ദിവസങ്ങളിലും നടത്തേണ്ടി വരുന്നു. ഈ സാഹചര്യത്തിലാണ് അവധി ദിവസങ്ങളിൽ കൺസെഷൻ അനുവദിച്ചുകൊണ്ട് ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഉത്തരവ് നിലവിലുള്ളത്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുരസ്ക്കാരം

**ആലപ്പുഴ:** വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയെ അംഗീകരിക്കുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് പുരസ്കാരം നൽകുന്നു. സംരംഭക വർഷം 2022-23 പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മികച്ച പ്രവർത്തനം കാഴ്ചവെച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് പുരസ്ക്കാരം.

http://awards.industry.kerala.gov.in എന്ന പോർട്ടലിലിലൂടെ സെപ്റ്റംബർ 23 വരെ അപേക്ഷിക്കാം.സൂക്ഷമ, ചെറുകിട, ഇടത്തരം, ലാർജ്ജ് ആൻഡ് മെഗാ വിഭാഗങ്ങളിൽ ഉത്പാദനം, സേവന, വ്യപാര മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ, കയറ്റുമതി അധിഷ്ഠിത സംരംഭങ്ങൾ, ഉത്പ്പാദന സ്റ്റാർട്ടപ്പുകൾ, വനിത, പട്ടികജാതി, പട്ടികവർഗ, ട്രാൻസ്ജെൻഡർ സംരംഭങ്ങൾ എന്നിവയ്ക്കും സംസ്ഥാനത്തെ വ്യവസായ വാണിജ്യ മേഖലയ്ക്കും ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡും നൽകും. സമൂഹത്തിന് നൽകിയ മികച്ച സംഭാവനകളെ മുൻനിർത്തിയാണിത്. 202122 സാമ്പത്തിക വർഷം വരെയുള്ള പ്രകടനത്തെ അടിസ്ഥാനമാക്കിയാണ് സംരംഭങ്ങളെ തിരഞ്ഞെടുക്കുന്നത്.

# ടാറ്റ മോട്ടോഴ്സിന്റെ 400 ഇവി സ്റ്റാർ ബസുകൾ ഡൽഹി നിരത്തുകളിലേക്കും



**കൊച്ചി:** ഡൽഹി ട്രാൻസ്പോർട്ട് കോർപ്പറേഷന് ഇവി സ്റ്റാർബസുകൾ കൈമാറി രാജ്യത്തെ പ്രമുഖ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോഴ്സ്. 12 വർഷത്തേക്ക് 1500 ലോഫ്ലോർ, എയർ കണ്ടീഷൻണ്ട് ഇലക്ട്രിക് വാഹനങ്ങൾ വിതരണം ചെയ്യുന്നതിനും നടത്തിപ്പിനും ഡൽഹി ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള കരാറിന്റെ ഭാഗമായാണ് നിലവിൽ അത്യാധുനിക സൗകര്യങ്ങളോടെയുള് 400 ബസുകൾ ഡിടിസിക്ക് ടാറ്റ മോട്ടോഴ്സിന്റെ സിവി മൊബിലിറ്റി സൊലുഷ്യൻസ് കൈമാറിയിരിക്കുന്നത്. ഡൽഹി ലഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേനയും മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളും ചേർന്ന് പുതിയതായി നിരത്തിലിറങ്ങുന്ന 400 വാഹനങ്ങൾ ഫ് ളാഗ് ഓഫ് ചെയ്തു. ഗതാഗത മന്ത്രി കൈലാഷ് ഗെഹ്ലോട്ട്, നരേഷ് കുമാർ, ഐഎഐസ്, ഡൽഹി ഗവൺമെന്റ് ചീഫ് സെക്രട്ടറി, ആശിഷ് കുന്ദ്ര, ഡൽഹി ഗവൺമെന്റ് കമ്മീഷണർ കം പ്രിൻസിപ്പൽ സെക്രട്ടറി (ഗതാഗതം) ശിൽപ ഷിൻഡെ, ഐഎഎസ്, മാനേജിങ് ഡയറക്ടർ, ഡി.ടി.സി എന്നിവരും ചടങ്ങിൽ പങ്കെടുത്തു. മേക്ക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് പദ്ധതികൾക്ക് അനുസൃതമായി നൂതന ബാറ്ററി സംവിധാനങ്ങളും ഏറ്റവും പുതിയ ഫീച്ചറുകളും ഉൾകൊള്ളിച്ച് അടുത്ത തലമുറ നിർമാണശൈലിയിൽ രൂപകൽപ്പന ചെയ്ത് തദ്ദേശിയമായി നിർമാണം പൂർത്തിയാക്കിയ ബസുകളാണ് ഇത്. ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയിൽ ഉടനീളം സുരക്ഷിതവും സൗകര്യപ്രദവുമായ നഗര യാത്രകൾ പുതിയ ബസുകൾ വാഗ്ദാനം ചെയ്യുന്നു. കൂടുതൽ ബസുകൾ നിരത്തിലിറങ്ങുന്നതോടെ രാജ്യത്ത് 1000 ഇവി ബസുകളുടെ വിതരണമെന്ന സുപ്രധാന നാഴികകല്ലും ടാറ്റ മോട്ടോഴ്സ് പിന്നിട്ടതായി ടാറ്റ മോട്ടോഴ്സ് ലിമിറ്റഡ് സിവി മൊബിലിറ്റി സൊല്യൂഷൻസ് ലിമിറ്റഡ് ചെയർമാൻ അസിം കുമാർ മുഖോപാധ്യായ പറഞ്ഞു.ഡൽഹിയിലെ പൗരന്മാർക്ക് കാര്യക്ഷമവും സാമ്പത്തികവും വിശ്വസനീയവുമായ റോഡ് ഗതാഗത സേവനങ്ങൾ നൽകാൻ ഡൽഹി ട്രാൻസ്പോർട്ട് കോർപ്പറേഷൻ പ്രതിജ്ഞാബദ്ധമാണെന്ന് ഡൽഹി ട്രാൻസ്പോർട്ട് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശിൽപ ഷിൻഡെ പറഞ്ഞു. 400 ഇലക്ട്രിക് ബസുകളുടെ ഈ കൂട്ടിച്ചേർക്കൽ ദേശീയ തലസ്ഥാന പ്രദേശത്തുടനീളം മാസ് മൊബിലിറ്റി സുരക്ഷിതവും സ്മാർട്ടും ഹരിതാഭവുമാക്കും. യാത്രക്കാർക്ക് റെഡി ആക്സസ്, കൂടുതൽ സൗകര്യവും സുഖപ്രദവുമായി യാത്രാനുഭവം എന്നിവ നൽകുന്നതിനു പുറമേ, നഗരത്തിന്റെ വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഞങ്ങളുടെ കൂട്ടായ ശ്രമങ്ങളിലും ഈ അടുത്ത തലമുറ ബസുകൾ സംഭാവന ചെയ്യുമെന്നും അവർ കൂട്ടിച്ചേർത്തു.

# പുതിയ സീസണൽ ട്രെന്റുകളുമായി ലൈഫ്സ്റ്റൈൽ




**കൊച്ചി:** തണുപ്പിനെ പ്രതിരോധിക്കാൻ ഏറ്റവും പുതിയ സീസണൽ ട്രെന്റുകളുമായി പ്രമുഖ ഫാഷൻ ഹബ്ബായ ലൈഫ്സ്റ്റൈൽ. ലോക പ്രശസ്ത ഫാഷൻ സ്റ്റൈലിസ്റ്റായ തെരേസ ഒർട്ടിസാണ് കാലാവസ്ഥക്ക് അനുയോജ്യമായ വസ്ത്രങ്ങൾ ഒരുക്കിയത്.ശരീരത്തിന് ഇണങ്ങുന്ന കാർഡിഗനുകളും ഭാരം കുറഞ്ഞ ജാക്കറ്റുകളും മുതൽ ഒതുങ്ങിയതും ആകർഷകവുമായ സിൽഹൗട്ടുകൾ വരെയുള്ളവയുടെ വിവിധ വർണങ്ങളിലുള്ള വൈവിധ്യമാർന്ന ശേഖരമാണ് ഒരുക്കിയിട്ടുള്ളത്. യുവാക്കളെ ലക്ഷ്യമിട്ട് ആഗോള ഫാഷൻ ട്രെന്റായ വാഴ്സിറ്റി അറ്റ്ലീഷറും ഹൂഡികൾ, ട്രാക് പാന്റുകൾ, കോട്ടൺ ഗ്രാഫിക്സ് ടീ ഷർട്ടുകൾ, സ്വീറ്റ് ഷർട്ടുകൾ തുടങ്ങിയവയാണ് വിപണിയിൽ എത്തിക്കുന്നത്. സ്ത്രീകൾക്കായി പ്രത്യേകം തയ്യാറാക്കിയ പ്ലെയിൻ, പ്രിന്റഡ് വസ്ത്രങ്ങളും തരംഗമായി കൊണ്ടിരിക്കുന്ന കോർഡ് സെറ്റുകളും, ടൈ ഡൈ, ഡിജിറ്റൽ പ്രിന്റഡ് ടീ ഷർട്ടുകളും തയാറാക്കിയിട്ടുണ്ട്. ഉത്സവ വേളകളെ ആഘോഷമാക്കുന്നതിന്റെ ഭാഗമായി ഏറ്റവും പുതിയ മെലാഞ്ച് ശ്രേണിയും ചിക്കൻകാരി കുർത്തികളും ലൈഫ്സ്റ്റൈലിന്റെ ശ്രേണിയിലുണ്ട്.ഇതിന് പുറമേ ശൈത്യകാലത്തെ നേരിടാൻ ഏറ്റവും ആധുനികമായ തുണിത്തരങ്ങളാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. കട്ടികൂടിയ സ്വെറ്ററുകൾ, ഫ്ലാനൽ ഷർട്ടുകൾ, ഡെനിം ഷർട്ടുകൾ എന്നിവയാണ് ഒരുക്കിയിട്ടുള്ളത്. നിലവാരമുള്ള വാട്ടർ റിപ്പല്ലന്റ് പഫർ ജാക്കറ്റുകൾ ഒരുക്കിയിട്ടുണ്ട്. യാത്രക്കാർക്ക് ഏറെ ഉപകാരപ്പെടുന്നവയാണ് ഇവയെല്ലാം. സ്റ്റോക്ക് ഹോമിൽ നിന്നുള്ള ലോക പ്രശസ്ത ഫാഷൻ സ്റ്റൈലിസ്റ്റായ തെരേസ ഒർട്ടിസാണ് ഇവയെല്ലാം അണിയിച്ചൊരുക്കിയത്. കാഷ്വൽ ഫോർമൽ എന്നിവയ്ക്ക്പുറമേ ഫിറ്റ്നസിന് പ്രാധാന്യം കൊടുക്കുന്നവർക്ക് വേണ്ട മികച്ച തുണിത്തരങ്ങളും ലൈഫ്സ്റ്റൈലിന്റെ ശേഖരത്തിലുണ്ട്. ലൈഫ്സ്റ്റൈലിന്റെ വിവിധ ഷോറൂമുകൾക്ക് പുറമേ ൦൦൦.ഹശളലെ്യേഹലെ്യേലെ.രീ എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി വാങ്ങാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.ലൈഫ്സ്റ്റൈലിനെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതും കൂടുതൽ മനോഹരമാക്കുന്നതുമാണ് പുതിയ കലക്ഷനെന്നും ഏറ്റവും മികച്ച വസ്ത്രങ്ങൾ തേടുന്നവർക്ക് സുവർണാവസരമാണെന്നും ലൈഫ് സ്റ്റൈലിന്റെ മാർക്കറ്റിംഗ് വിഭാഗം അസിസ്റ്റന്റ് വൈസ് പ്രസിഡന്റ് രോഹിണി ഹാൽഡിയ കൂട്ടിച്ചേർത്തു

# ജി20 ഉച്ചകോടി സ്മാരക ചോക്കർ നെക്ലേസ് പുറത്തിറക്കി



**കൊച്ചി:**ഇന്ത്യ അധ്യക്ഷം വഹിക്കുന്ന ജി20 ഉച്ചകോടിയുടെ സ്മരണാർഥം പി എൻ ജി ജല്ലേഴ്സും വസുപതി ജെവല്ലേഴ്സും സംയുക്തമായി ജി20 ഉച്ചകോടി സ്മാരക ചോക്കർ നെക്ലേസ് പുറത്തിറക്കി. നാഗ്പൂരിൽ പിഎൻജി ജ്വല്ലേഴ്സിന്റെ പുതിയ സ്റ്റോർ തുറക്കുന്നതിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ചോക്കർ നെക്ലേസിന്റെ പ്രകാശനം നിർവ്വഹിച്ചു.

# ആമസോണിൽ വൻ ഇളവുകളുമായി ഹോം ഷോപ്പിങ് മേള

**കൊച്ചി:** ആമസോണിൽ സെപ്തംബർ 10 വരെ 70 ശതമാനം ഇളവുകളോടെ ഹോം ഷോപ്പിങ് സ്പ്രീ. ഹോം ഡെക്കർ, ഹോം ഇംപ്രൂവ്മെന്റ്, ഗൃഹോപകരണങ്ങൾ, ലോൺ ആന്റ് ഗാർഡൻ, സ്പോർട്സ് ഉപകരണങ്ങൾ, പവർ ടൂൾസ് എന്നിങ്ങനെ ഹോം കിച്ചൻ, ഔട്ട്ഡോർ ഉൽപ്പന്നങ്ങളുടെ വിപുലമായ ശ്രേണിയാണ് ഇളവുകളോടെ ലഭ്യമാകുന്നത്. ഹിന്ദ്വെയർ, ഹാവെൽസ്, യുറേക്ക ഫോർബ്സ്, സ്ലീപ്വെൽ, ലിവ്പ്യുവർ, ഹിറ്റ്, ജാഗർ സ്മിത്ത്, കിംബേർലി ക്ലാർക്ക്, ബിൽഡ്സ്കിൽ, ബിഎസ്ബി ഹോം തുടങ്ങിയ ജനപ്രിയ ബ്രാൻഡുകളിലുടനീളം നിരവധി ഡീലുകളും ഓഫറുകളും വാഗ്ദാനം ചെയ്യുന്നു. സെപ്റ്റംബർ 10 വരെ നടക്കുന്ന ഹോം ഷോപ്പിംഗ് സ്പ്രീ വേളയിൽ വോൾഡെക്കർ, മിക്സർ ഗ്രൈൻഡർ, ഫാൻ, വാക്വം, കുക്ക്വെയർ, പവർ ടൂൾസ്, ഓട്ടോ ഉൽപ്പന്നങ്ങൾ, ബാത്ത്റൂം ഫിറ്റിംഗുകൾ എന്നിവയിലും, ഹോം ഡെക്കർ, ഹോം ഇംപ്രൂവ്മെന്റ്, ഗൃഹോപകരണങ്ങൾ, ലോൺ & ഗാർഡൻ ഉപകരണങ്ങൾ എന്നിവയിലും ഉപഭോക്താക്കൾക്ക് 70% വരെ ഇളവുകളാണ് ലഭിക്കുക.

# എയർ കാർഗോ ഫോറം കേരള ചാപ്റ്ററിന് തുടക്കമായി




**കൊച്ചി:** എയർ കാർഗോ ഫോറം ഇന്ത്യ (എ.സി.എഫ്.ഐ) കേരള ചാപ്റ്ററിന് കൊച്ചിയിൽ തുടക്കമായി. സിയാൽ മാനേജിംഗ് ഡയറക്ടർ എസ്.സുഹാസ് മുഖ്യാതിഥിയായിരുന്നു.എയർ കാർഗോ, ഏവിയേഷൻ വ്യവസായ പ്രതിനിധികൾ, എ.സി.എഫ്.ഐ ഗവേണിംഗ് ബോർഡ് അംഗങ്ങൾ, ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ്, വിവിധ ട്രേഡ് അസോസിയേഷനുകളിൽ നിന്നായി നൂറിലധികം പേർ ചടങ്ങിൽ പങ്കെടുത്തു.

# ആഗോള എസ് യു വി 'ഹോണ്ട എലിവേറ്റ്' പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യാ ലിമിറ്റഡ് തങ്ങളുടെ ഏറ്റവും പുതിയ ആഗോള എസ് യു വി ഹോണ്ട എലിവേറ്റ് ഇന്ത്യയിൽ പുറത്തിറക്കി. തുടക്ക വിലയെന്ന നിലയിൽ 10,99,900 (എക്സ് ഷോറൂം ഡൽഹി) രൂപ മുതൽ ടോപ് വേരിയന്റിന് 15,99,900 രൂപ വരെയായി (എക്സ് ഷോറൂം ഡൽഹി) കാർ ലഭ്യമാകും. കാറുകളുടെ വിതരണം രാജ്യത്ത് എല്ലാ ഡീലർഷിപ്പുകളിലൂടേയും ആരംഭിക്കും. ഡൈനാമിസം, ബോൾഡ് സ്റ്റൈലിങ്, സുഖം, സുരക്ഷ എന്നിങ്ങനെയുള്ള എല്ലാ ഗുണങ്ങളും പ്രദർശിപ്പിക്കുന്ന ഹോണ്ട എലിവേറ്റ് ഈ വർഷം ജൂണിലാണ് ആഗോള തലത്തിൽ അവതരിപ്പിക്കപ്പെട്ടത്. 'അർബൻ ഫ്രീ സ്റ്റൈലർ' എന്ന ആശയത്തിനു കീഴിൽ വികസിപ്പിച്ചെടുത്ത ഹോണ്ട എലിവേറ്റ് സജീവമായ ജീവിതശൈലിയും ആഗോള മനസ്സുമുള്ള ഉപഭോക്താക്കളെ ആകർഷിക്കുന്ന തരത്തിൽ രൂപകൽപ്പന ചെയ്തതാണെന്ന് ഹാണ്ട കാർസ് ഇന്ത്യാ ലിമിറ്റഡിന്റെ പ്രസിഡന്റും സി ഇ ഒയുമായ ശ്രീ തക്കുയ സുമുറ പറഞ്ഞു, തായ്‌ലൻഡിൽ സ്ഥിതി ചെയ്യുന്ന ഹോണ്ട ആർ&ഡി ഏഷ്യാ പസഫിക് സെന്ററിൽ വികസിപ്പിച്ചെടുത്ത എലിവേറ്റ് സ്റ്റാറ്റസും സുഖവും സജീവമായ ജീവിതശൈലിയും ആഗ്രഹിക്കുന്ന യുവ ഉപഭോക്താക്കളുടെ ആശയാഭിലാഷങ്ങൾ പൂർത്തീകരിക്കുന്നു. 4312 എം എം നീളം, 1790 എം എം വീതി, 1650 എം എം ഉയരം, 2650 എം എം വീൽ ബേസ് എന്നിവയുള്ള ഉന്നത നിലവാരമുള്ള ഗ്രൗണ്ട് ക്ലിയറൻസോടു കൂടിയ എലിവേറ്റ് സ്റ്റൈലും പ്രാവർത്തികതയും ഒരുപോലെ സമ്മേളിപ്പിക്കുന്നുവെന്നും തക്കുയ സുമുറ പറഞ്ഞു, 89 കെ ഡബ്ല്യു (121 പി എസ്) കരുത്തും 145 എൻ എം ടോർക്കും ഉൽപ്പാദിപ്പിക്കുന്ന 1.5 ലിറ്റർ ഐവി ടി ഇ സിഡി ഒ എച്ച് സി പെട്രോൾ എഞ്ചിന്റെ കരുത്താണ് എലിവേറ്റിനുള്ളത്. 6സ്പീഡ് മാനൽ ട്രാൻസ്മിഷൻ, 7സ്പീഡ് കണ്ട്യുനസ്ലി വേരിയബിൾ ട്രാൻസ്മിഷൻ (സി വി ടി) എന്നിവയിലൂടെ സുഗമവും ആസ്വാദ്യകരവുമായ ഡ്രൈവിങ്ങ് അനുഭവവും 15.31 കിലോമീറ്റർ/ലിറ്റർ, 16.92 കിമി/ലിറ്റർ ഇന്ധനക്ഷമതയുമാണ് യഥാക്രമം ഇത് വാഗ്ദാനം ചെയ്യുന്നത്. ഇ20 മെറ്റീരിയൽ കംപാറ്റിബിളുമാണ് ഹോണ്ട എലിവേറ്റ് എന്നും അദ്ദേഹം പറഞ്ഞു.458 ലിറ്റർ വലിപ്പത്തിൽ ഈ ഗണത്തിലെ ഏറ്റവും വലിയ കാർഗോ ഇടമാണ് എലിവേറ്റിനുള്ളത്. അസാധാരണമായ വലിപ്പമുള്ള ഇന്റീരിയർ ക്യാബിൻ, 17.78 സെന്റീമീറ്റർ (7 ഇഞ്ച്) ഹൈഡഫനിഷൻ ഫുൾ കളർ ടി എഫ് ടി മീറ്റർ ക്ലസ്റ്റർ, പുതിയ ഫ്ളോട്ടിങ്ങ് ടൈപ്പിലുള്ള 26.03 സെന്റീമീറ്റർ (10.25 ഇഞ്ച്) ഇൻപ്ലെയിൻ സ്വിച്ചിങ്ങ് (ഐ പി എസ്) ഹൈ ഡഫനിഷൻ (എച്ച് ഡി) റസലൂഷൻ എൽ സി ഡി ടച്ച്സ്ക്രീൻ ഡിസ്പ്ലേ ഓഡിയോ, വയർലസ് സ്മാർട്ട് ഫോൺ ചാർജ്ജർ എന്നിവയും ഇതിനോടൊപ്പമുണ്ട്. ഇതിനു പുറമേ ആഡംബര പൂർണ്ണമായ ബ്രൗൺ ലെതററ്റ് അപ്പോൾസ്റ്ററി ഡാഷ്ബോർഡിലും ഡോർ ട്രിമ്മുകളിലും സോഫ്റ്റ് ടച്ച് പാഡുകളോടെ വന്നെത്തുമ്പോൾ പുരോഗമനപരവും സംരക്ഷിതവുമായ ക്യാബിന് പ്രീമിയം സ്വഭാവം കൂട്ടിച്ചേർക്കപ്പെടുന്നു. ഹോണ്ട കണക്റ്റുമായാണ് എലിവേറ്റ്വന്നെത്തുന്നത്. കാറിനെ വിദൂരതയിൽ നിന്ന് നിയന്ത്രിക്കുവാനും മെച്ചപ്പെട്ട സൗകര്യവും ലഭിക്കുന്നതിനായി പ്രധാനപ്പെട്ട നോട്ടിഫിക്കേഷനുകളിലൂടെ കൃത്യമായി കാര്യങ്ങൾ അറിയുവാനും ഉപയോക്താക്കളെ അനുവദിക്കുന്ന ഒരു സംവിധാനമാണ് ഇത്.സ്മാർട്ട് വാച്ച് ഉപകരണങ്ങളുമായും അലക്സ റിമോട്ട് കേപ്പബിലിറ്റിയുമായും ചേർന്ന് പ്രവർത്തിക്കും ഹോണ്ട കണക്റ്റ്.




# കോളജുകൾക്ക് ഷോർട്ട് ഫിലിം മത്സരം



**തിരുവനന്തപുരം:** ഒക്ടോബർ ഒന്ന് അന്താരാഷ്ട്ര വയോജന ദിനത്തോടനുബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് കേരളത്തിലെ കോളജുകളിൽ നിന്നും ഷോർട്ട് ഫിലിം മത്സരം നടത്തുന്നതിന് ഹ്രസ്വചിത്രങ്ങൾ ക്ഷണിച്ചു.'പ്രായം മനസ്സിൽ ആണ്, നമ്മുടെ കരുതലാണ് അവരുടെ കരുത്ത്, ചേർത്ത് നിർത്താം വയോജനങ്ങളെ, ഉറപ്പാക്കാം നീതി' എന്നീ വിഷയങ്ങളിലാണ് ഹ്രസ്വചിത്രങ്ങൾ ചിത്രീകരിക്കേണ്ടത്. കേരളത്തിലുള്ള അംഗീകൃത കോളജുകൾക്ക് എൻട്രികൾ അയയ്ക്കാം. വ്യക്തിഗതമായോ/ ഗ്രൂപ്പായോ ഷോർട്ട് ഫിലിം തയ്യാറാക്കി അയയ്ക്കാം. മികച്ച ചിത്രത്തിനുള്ള സമ്മാനത്തുക ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് യഥാക്രമം 25000, 15000, 5000 എന്നിങ്ങനെയാണ്. അവസാന തീയതി സെപ്റ്റംബർ 18 വൈകിട്ട് 5 മണി. sjdoldageday@gmail.com എന്ന മെയിലിലേക്കാണ് എൻട്രികൾ അയക്കേണ്ടത്. മത്സരവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ, നിബന്ധനകൾ എന്നിവ അടങ്ങിയ വിശദ നോട്ടിഫിക്കേഷൻ www.swd.kerala.gov.in ൽ ലഭ്യമാണ്. വിജയികൾക്കുള്ള സമ്മാനദാനം അന്താരാഷ്ട്ര വയോജനദിനമായ ഒക്ടോബർ ഒന്നിന് നടക്കുന്ന സംസ്ഥാന തല പരിപാടിയിൽ നൽകും.

# ഐസിസി മെൻസ് ക്രിക്കറ്റ് വേൾഡ് കപ്പ്: സ്പോൺസറായി മഹീന്ദ്രയും

ICC MEN'S CRICKET WORLD CUP INDIA 2023

mahindra Rise

Associate Broadcasting Sponsor — STAR SPORTS Believe

Co-powered Digital Streaming Sponsors — Disney+ hotstar

**കൊച്ചി:** ഐസിസി മെൻസ് ക്രിക്കറ്റ് വേൾഡ് കപ്പ് 2023ന്റെ സ്റ്റാർ സ്പോർട്ട്സിലെ അസോസ്സിയേറ്റ് സ്പോൺസറായും ഡിജിറ്റൽ പ്ലാറ്റ്ഫോമായ ഡിസ്നി ഹോട്ട്സ്റ്റാറിലെ സ്പോൺസറായും മഹീന്ദ്ര ആന്റ് മഹീന്ദ്ര രംഗത്തെത്തും. കായിക രംഗത്തെ മഹീന്ദ്രയുടെ ഏറ്റവും മികച്ച സഹകരണങ്ങളിലൊന്നാണിത്. വരുന്ന ക്രിക്കറ്റ് സീസണിൽ മുഴുവൻ തങ്ങൾ ലക്ഷ്യമിടുന്ന വിപണിയിൽ മികച്ച രീതിയിൽ എത്താൻ ഈ സഹകരണങ്ങളിലൂടെ സാധിക്കുമെന്നാണ് മഹീന്ദ്ര പ്രതീക്ഷിക്കുന്നതെന്ന് മഹീന്ദ്ര ആന്റ് മഹീന്ദ്ര ഓട്ടോ ആന്റ് ഫാം സെക്ടർ എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ രാജേഷ് ജെജുരികർ പറഞ്ഞു. ഡിസ്നി ഹോട്ട്സ്റ്റാർ പ്രേക്ഷകർക്കായി ക്ലിക്ക് ടു ബുക്ക് ടെസ്റ്റ് ഡ്രൈവ് സംവിധാനവും മഹീന്ദ്ര അവതരിപ്പിക്കുന്നുണ്ട്. ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ ആവേശവുമായി ആഴത്തിലുള്ള ബന്ധം സ്ഥാപിക്കുന്നതിലെ സുപ്രധാന നാഴികക്കല്ലാണ് ഈ സ്പോൺസർഷിപ്പെന്നും രാജേഷ് ജെജുരികർ പറഞ്ഞു

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663